ദി ഡിഫെൻഡർ

Vol. No. 10 Issue No. 6 RNI Reg. No. 68089 / 97 Published From Perumbavoor 2007 MARCH 16 Price: Rs.100/- P.A.

# ബെന്നി ഹിൻ ആഭരണവും വിഗ്രഹവും വിൽക്കുന്നു



കൃപാസനവും നിയമ പെട്ടകവും - വില 35 ഡോളർ

അത്ഭുതവീരനായ ബെന്നി ഹിൻ വിഗ്രഹങ്ങളും ആഭരണങ്ങളും കച്ചവടം നടത്തുന്നു. നിയമ പെട്ടകം, വള, ഉയിർപ്പിന്റെ സ്വരൂപം, പ്രാർത്ഥനാഷാൾ തുടങ്ങിയതൊക്കെയാണ് ഇദ്ദേഹം കച്ചവടം ചെയ്യുന്നത്. ബെന്നി ഹീന്നിൽ പ്രവർത്തിക്കുന്നത് സാത്താനാണെന്ന് വ്യക്തമാക്കുന്നതാണ് ഈ പരിപാടി.

കൃപാസനവും കെരൂബുകളും ഉൾപ്പെടെയുള്ള നിയമ പെട്ടകത്തിന്റെ വലിപ്പം 4.5"x2.25"x 3.25" ആണ്. വില 35 ഡോളർ. (ഇത് വാങ്ങി വീട്ടിലോ ഓഫീസിലോ വെച്ച് പൂജിക്കാം.)

Winning the lost at any cost എ ന്ന് മുദ്രണം ചെയ്തിട്ടുള്ള വളയുടെ വില 10 ഡോളറാണ്. (ആഭരണം ഇടാൻ കൊതിയുള്ള പെന്തക്കോസ്തുകാർക്ക് ഇനി ബൈബിൾ വാക്യങ്ങൾ കൊത്തിയ ആഭരണം ധരിക്കാം. ആഭരണത്തിന് ആഭരണവുമായി, സുവിശേഷീകരണം പൊടിപൂരമായി നടത്തുകയും ചെയ്യാം.)

കർത്താവായ യേശുക്രിസ്തു ഉയിർത്തെഴുന്നേൽക്കുന്ന രൂപവും ബെന്നിഹീൻ വിൽക്കുന്നു. വില ഇമ്മിണി കൂടുതലാണ്: 200 ഡോളർ (9,000 രൂപ). ഇത് വാങ്ങി വീട്ടിലോ ഓഫീസിലോ പള്ളിയിലോ വെയ്ക്കാമെന്ന ഉപദേശവും ഹീൻ നൽകുന്നുണ്ട്.

പ്രാർത്ഥനാഷാൾ എന്ന അത്ഭുത വസ്തുവിന്റെ വില 30 ഡോളറാണ്. യഹൂദൻമാർ ഇത്തരം ഷാളുകൾ പ്രാർത്ഥനയ്ക്കായി ഉപയോഗിച്ചിരുന്നത്രേ. (അതിന് വീണ്ടും ജനനം പ്രാപിച്ച വിശ്വാസിക്കെന്താ?)

ഈ വിഗ്രഹങ്ങളും ആഭരണങ്ങളും വാങ്ങാൻ പണം മുടക്കുന്നതുകൊണ്ട് എന്ത് നൻമയാണ് ഉണ്ടാകുക എന്ന് ഹിൻ പറയുന്നില്ല. ഇത് വചനവിരുദ്ധമാണെന്ന വസ്തുതയും ഹിൻ അവഗണിക്കുന്നു.

ഗിദയോൻ ഉണ്ടാക്കിയ ഏഫോദിന് ജനം ധൂപം കാണിച്ചതുപോലെ അത്ഭുതവീരനായ ബെന്നിഹീൻ കച്ചവടം ചെയ്യുന്ന ഈ അത്ഭുതവസ്തുക്കൾ ആരാധ്യവസ്തുക്കളാകുമെന്ന് തീർച്ച. ജനത്തെ വിഗ്രഹാരാധനയിലേക്ക് തള്ളിവിടാൻ ബെന്നിഹീനെ സാത്താൻ ഉപയോഗിക്കുകയാണ്.

പെന്തക്കോസ്ത് ഉപദേശവുമായി ഒരുവിധത്തിലും പൊരുത്തപ്പെടാത്ത ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന ബെന്നി ഹീൻ പൗലോസിനേക്കാൾ ''ശക്തനായ'' ദൈവദാസനാണ് എന്ന് എം.എ. വർഗീസ് പണ്ടേ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ദോഷവും വ്യഭിചാരവുമുള്ള പെന്തക്കോസ്തുകാർ അടയാളങ്ങളുടെ പിന്നാലെ പോകുന്നു. ബെന്നിഹീനേപ്പോലുള്ള കള്ളൻമാരുടെ പിടിയിൽ അകപ്പെടുന്നു.

ഉയിർപ്പ് രൂപം - 200 ഡോളർ



പ്രാർത്ഥനാഷാൾ - 30 ഡോളർ






വള - വില 10 ഡോളർ

# ഓമന റസ്സലിന് അഭിനന്ദനം

കാലടി സർവ്വകലാശാലയിൽ നിന്നും ചരിത്രത്തിൽ ഡോക്ട്രേറ്റ് നേടിയ ഓമന റസ്സലിന് ഡിഫെൻഡറിന്റെ അഭിനന്ദനം. ക്രൈസ്തവചിന്തയുടെ എഡിറ്ററായ കെ.എൻ.റസ്സലിന്റെ ഭാര്യയായ ഓമന കാലടി സർവ്വകലാശാലയിലെ ചരിത്ര വിഭാഗം അദ്ധ്യാപികയാണ്.

ചുമ്മാ ഡോകളെ മുട്ടിയിട്ട് വഴിനടക്കാൻ വയ്യാത്ത സ്ഥിതിയുള്ള ഈ കാലത്ത് പഠിച്ച് ഡോക്ട്രേറ്റ് നേടുന്നവർക്ക് വിലയില്ലാതായിരിക്കുകയാണ്. പത്താം ക്ലാസ്സ് തോറ്റ ബാബു ജോർജ് (റാന്നി) വരെ ഇന്ന് ഡോക്ടറാണ്. മൂന്നു ദിവസത്തെ ഇടവേളയിൽ രണ്ടു ഡോക്ട്രേറ്റ് വാങ്ങി കെ.സി.ജോൺ റിക്കാഡ് ഇടുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യം നിലനിൽക്കുമ്പോഴാണ് ഓമന യഥാർത്ഥ ഡോക്ട്രേറ്റ് വാങ്ങിയിരിക്കുന്നത്. ചുമ്മാഡോകളെ അഭിനന്ദിക്കാൻ മത്സരിക്കുന്ന പെന്തക്കോസ്ത് നേതാക്കൻമാർ യഥാർത്ഥ ഡോക്ട്രേറ്റുള്ളവരെ കാണാതെപോകുന്നത് കഷ്ടമാണ്.

# മാത്യൂസ് ചാക്കോയ്ക്കും നാണമില്ലാതായോ?

മൂന്നു ദിവസത്തെ ഇടവേളയിൽ രണ്ട് ചുമ്മാഡോകൾ വാങ്ങിയ കെ.സി.ജോണിനെ അഭിനന്ദിക്കാൻ തിരുവല്ല എലൈറ്റ് ഹോട്ടലിൽ ചേർന്ന മീറ്റിംഗിന്റെ നേതൃത്വം മാത്യൂസ് ചാക്കോയ്ക്ക് ആയിരുന്നു എന്ന് ഹാലേലൂയ്യായിൽ കണ്ടു. വെണ്ണിക്കുളം ബഥനി അക്കാദമിയുടെ ഉടമസ്ഥനും ചവർ ചാനലിന്റെ മാനേജിംഗ് ഡയറക്ടറുമായ മാത്യൂസ് ചാക്കോ സ്വന്തം ഭാര്യയെ നിലയ്ക്കു നിർത്താൻ കഴിവില്ലാത്തവനാണ് എന്ന് അറിയാമായിരുന്നു. ഈ വിഷയത്തേക്കുറിച്ച് ഡിഫെൻഡർ വിശദമായി എഴുതിയിട്ടുമുണ്ട്. പക്ഷേ ഇത്ര നാണമില്ലാത്തവനാണെന്ന് ഇദ്ദേഹം എന്ന് ഡിഫെൻഡർ കരുതിയിരുന്നില്ല.

ഡോക്ട്രേറ്റ് എന്നത് എന്താണെന്ന് നന്നായറിയാവുന്ന ആളാണ് മാത്യൂസ് ചാക്കോ. ആത്മീയ രംഗത്ത് അംഗീകാരമുള്ള ഒരു ഡോക്ട്രേറ്റ് നേടിയിട്ടുള്ള ആളുമാണ് മാത്യൂസ് ചാക്കോ. അതുകൊണ്ട് കെ.സി.ജോണിന് കിട്ടിയ ഡോക്ട്രേറ്റുകൾക്ക് കടലാസിന്റെ വിലയേയുള്ളൂ എന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുമില്ല. എന്നിട്ടും ആ ശുംഭനെ അഭിനന്ദിക്കാൻ മാത്യൂസ് ചാക്കോ നേതൃത്വം കൊടുത്തിരിക്കുന്നു. ഇങ്ങനെയുള്ള ആളുടെ ഭാര്യ വല്ലവന്റേം കൂടെ അഴിഞ്ഞാടി നടന്നില്ലെങ്കിലേ അത്ഭുതമുള്ളൂ.

# വ്യാജ ബിഷപ്പിന്റെ സ്വത്തുക്കൾ കണ്ടുകെട്ടും

സാധുക്കൾക്ക് സൗജന്യമായി വീട് നിർമ്മിച്ച് നൽകും എന്ന് പ്രചരിപ്പിച്ച് ജനവഞ്ചന നടത്തി മുങ്ങിയ വ്യാജ ബിഷപ്പ് യോബു ശരവണന്റെ വസ്തുവകകൾ കണ്ടുകെട്ടാൻ തമിഴ്നാട് സർക്കാർ നീക്കം ആരംഭിച്ചു. എത്രകോടി രൂപയുടെ തട്ടിപ്പ് ഇയാൾ നടത്തിയിട്ടുണ്ടെന്ന് കൃത്യമായി കണ്ടെത്താൻ പോലീസിന് ഇതുവരെ കഴിഞ്ഞിട്ടില്ല.

തമിഴ്നാട്, കേരളം, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലാണ് ഇയാൾ പ്രധാനമായും തട്ടിപ്പ് നടത്തിയിരുന്നത്. പുനലൂരിലുള്ള ഒരു പാസ്റ്റർക്ക് 34 ലക്ഷം രൂപ നഷ്ടമായെന്ന് അറിയാൻ കഴിഞ്ഞു.

പണം നഷ്ടപ്പെട്ട ഏതാനും കോൺട്രാക്ടർമാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ ചെന്നൈ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തതോടെ മുങ്ങിയ ബിഷപ്പിനെ കഴിഞ്ഞ ഡിസംബർ 6ന് പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ഇയാൾക്ക് ആറ് ഭാര്യമാരും അനേക കോടിയുടെ സ്വത്തും ഉള്ളതായി പോലീസ് കണ്ടെത്തിയിട്ടുണ്ട്. ഓരോ ഭാര്യയ്ക്കും ഓരോ ബംഗ്ലാവും ഓരോ കാറും ഇയാൾ നൽകിയിരുന്നു.

ഇയാളുടെ സഹപ്രവർത്തകരായിരുന്ന സൗന്ദരാജൻ, പെരുമാൾ എന്നിവർ ഫെബ്രുവരി 26ന് പോലീസ് പിടിയിലായി. ഇവരുടെ പക്കൽ നിന്ന് അഞ്ചു ലക്ഷത്തോളം രൂപ പോലീസ് കണ്ടെടുത്തു. ഇയാളേപ്പോലെതന്നെ തട്ടിപ്പ് നടത്തിവന്ന മറ്റൊരു ബിഷപ്പിനെ ഏതാനും മാസം മുൻപ് പോലീസ് അറസ്റ്റ് ചെയ്തിരുന്നു.

ഈ വ്യാജ ബിഷപ്പുമാർ തട്ടിപ്പുകാരാണെന്നും ഇവർക്ക് പണം കൊടുത്ത് വിഡ്ഢികളാകരുതെന്നും ഡിഫെൻഡർ പലവട്ടം മുന്നറിയിപ്പ് പ്രസിദ്ധീകരിച്ചിരുന്നു. പക്ഷേ ഡിഫെൻഡർ പറയുന്നതെല്ലാം കള്ളമാണെന്ന് കരുതുന്ന ബഹുഭൂരിപക്ഷം വരുന്ന പെന്തക്കോസ്തുകാർ ഈ മുന്നറിയിപ്പ് അവഗണിച്ചു. വസ്തുതകൾ പരിശോധിച്ച് ഉറപ്പു വരുത്തിയശേഷമാണ് ഡിഫെൻഡർ എല്ലാം എഴുതുന്നതെന്ന് ഇനിയെങ്കിലും മനസ്സിലാക്കിയാൽ നന്ന്.

## വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ ഇപ്പോൾ ഡി.വി.ഡി ഫോർമാറ്റിലും ലഭിക്കുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിയിരിക്കുന്ന എം.പി.3 സി.ഡികൾ ഇപ്പോൾ ഡി.വി.ഡി ഫോർമാറ്റിലും ലഭിക്കുന്നതാണ്. ഡി.വി.ഡി പ്ലെയർ ഉള്ളവർക്ക് ഈ സി.ഡികൾ ഉപയോഗിക്കാൻ കഴിയും. വിലയിൽ മാറ്റമില്ല. ഡി.വി.ഡി ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം അറിയിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ എട്ടാം പേജിൽ.

ദി ഡിഫെൻഡർ
Vol. No.10 Issue No. 6 2007 March 16

# സുപ്രീം കോടതിയുടെ രോഷപ്രകടനം ശ്രദ്ധേയം

അഴിമതിക്കാരെ പരസ്യമായി തൂക്കിലേറ്റണമെന്ന് സുപ്രീം കോടതിയുടെ പരാമർശം തികച്ചും അസ്സാധാരണമായ നടപടിയായിരുന്നു. വിധി എന്ന നിലയ്ക്കല്ല, വിചാരണക്കിടയിലുള്ള അഭിപ്രായ പ്രകടനം എന്ന നിലയ്ക്കാണ് കോടതി ഇങ്ങനെ പറഞ്ഞത്. ഇത് വിധിയായിരുന്നെങ്കിൽ ഇന്ത്യയിലെ അഴിമതിക്കാരുടെ സ്ഥിതി പരമ ദയനീയമാകുമായിരുന്നു. പക്ഷേ ഇത്തരം ഒരു വിധി പുറപ്പെടുവിക്കാനുള്ള നിയമം രാജ്യത്ത് നിലവിൽ ഇല്ലാത്തതിൽ കോടതി ദു:ഖം പ്രകടിപ്പിക്കുകയും ചെയ്തു. ഇന്ത്യയിൽ അഴിമതി എത്ര കഠിനമാണ് എന്ന വസ്തുതയിലേക്കാണ് കോടതിയുടെ ഈ പരാമർശം വിരൽ ചൂണ്ടുന്നത്.

ദൈവത്തിന്റെ സ്വന്തം ജനം എന്ന് അഭിമാനിക്കുന്ന പെന്തക്കോസ്തുകാരുടെ ഇടയിൽ നിലനിൽക്കുന്ന അഴിമതിയേക്കുറിച്ച് സുപ്രീം കോടതി അറിയാത്തത് ഭാഗ്യം. അറിഞ്ഞിരുന്നെങ്കിൽ കോടതിക്ക് ഹൃദയസ്തംഭനം ഉണ്ടാകുമായിരുന്നു. പരസ്യമായി തൂക്കിക്കൊല്ലണമെന്നല്ല പരസ്യമായി തോൽ ഉരിക്കണം എന്ന് വിധിക്കുമായിരുന്നു.

കേവലം ഒരു ബൈബിൾ മാത്രം കുടുംബസ്വത്തായി ലഭിച്ച റ്റി.എസ്.ഏബ്രഹാം ഏറ്റവും വലിയ നിക്ഷേപകനുള്ള അവാർഡ് വാങ്ങിയത് നേരായ വഴിയിലൂടെ സമ്പാദിച്ച പണം ഉപയോഗിച്ചാണോ? ജോലി ചെയ്തോ ബിസിനസ്സ് ചെയ്തോ ലോട്ടറി അടിച്ചോ ലഭിച്ച പണമാണ് ഇതെങ്കിൽ തെറ്റില്ല. പക്ഷേ ടി.എസ്.ഏബ്രഹാമിന് ഈ വിധത്തിൽ പണം ലഭിച്ചിട്ടുള്ളതായി അറിവില്ല. കണ്ണീരുമായി നിൽക്കുന്ന തെരുവ് കുട്ടികളുടെ ചിത്രം വരെ ഇന്റർനെറ്റിൽ കൊടുത്ത് മാലോകരെ പറ്റിച്ച് ഉണ്ടാക്കിയ പണം ഉപയോഗിച്ചാണ് അവാർഡ് വാങ്ങുന്നതും എസ്റ്റേറ്റ് വാങ്ങുന്നതും മറ്റും.

ഐ.പി.സിയുടെ ഇപ്പോഴത്തെ പ്രസിഡന്റായ കെ.സി. ജോൺ കോടീശ്വരനായതെങ്ങനെ? ശാരോന്റെ പ്രസിഡന്റായ ടി.ജി.കോശി, സെക്രട്ടറിയായ ടി.പി.ഏബ്രഹാം തുടങ്ങിയവർ പണക്കാരായതും അഴിമതിയിലൂടെ തന്നെ. പെന്തക്കോസ്ത് നേതാക്കൻമാരിൽ ആരെങ്കിലും നേരായ വഴിയിലൂടെ പണക്കാരായിട്ടുണ്ടോ? ഉള്ളതായി അറിവില്ല.

രാഷ്ട്രീയക്കാരും സർക്കാർ ഉദ്യോഗസ്ഥരും അഴിമതി നടത്തിയാൽ അവർക്കെതിരെ നിയമനടപടി സ്വീകരിക്കാം. പക്ഷേ പെന്തക്കോസ്ത് നേതാക്കൻമാർ വിശുദ്ധ പശുക്കളാണ്. അവരെ തൊടാൻ നിയമത്തിന് ഭയമാണ്. തൊട്ടാൽ അത് മതപീഡനമായി വ്യാഖ്യാനിക്കപ്പെടും. സമുദായ സംഘർഷമുണ്ടാകും. വോട്ട് ബാങ്ക് തകരും. ആകാശം ഇടിഞ്ഞുവീഴും.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ
വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

കൈയ്ച്ചിട്ട് ഇറക്കാനും വയ്യ, മധുരിച്ചിട്ട് തുപ്പാനും വയ്യ എന്ന പരുവത്തിലാണ് ഇപ്പോൾ എ.ഡി.ബി. പ്രശ്നം. പണമില്ലാതെ കാര്യം നടക്കില്ല. പണം കിട്ടാൻ എ.ഡി.ബി അല്ലാതെ വേറെ മാർഗ്ഗവുമില്ല. പക്ഷേ എ.ഡി.ബി വായ്പയ്ക്കെതിരെ ധീരധീരം പോരാടിയവരാണ് ഇപ്പോൾ ഭരണം നടത്തുന്നത്. അന്ന് എ.ഡി.ബിക്ക് എതിരെ മുഴക്കിയ മുദ്രാവാക്യങ്ങൾ മറക്കാൻ കാലമായിട്ടില്ല. ആരു മറന്നാലും അന്നത്തെ വീഡിയോ ക്ലിപ്പുകൾ മാദ്ധ്യമങ്ങളുടെ ലൈബ്രറികളിൽ സ്റ്റോക്കുണ്ട്. അവർ അത് ഉപയോഗിക്കുന്നുമുണ്ട്. തള്ളാനും കൊള്ളാനും ബുദ്ധിമുട്ട്. പക്ഷേ പണം കിട്ടിയേ കഴിയൂ. അതുകൊണ്ട് പണ്ടു പറഞ്ഞതൊക്കെ മറന്നിട്ട് വായ്പ വാങ്ങി. യു.ഡി.എഫ് സർക്കാർ ഉണ്ടാക്കിയ വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടാണ് വായ്പ വാങ്ങിയതെന്ന് പറയുകയും ചെയ്തു. എന്തു മാറ്റമാണ് വ്യവസ്ഥകളിൽ വരുത്തിയതെന്നു മാത്രം പറഞ്ഞില്ല. പറയത്തക്ക മാറ്റമൊന്നും ഇല്ല എന്ന് പറയുന്നവർക്കുതന്നെ അറിയാം.

എന്തു പറഞ്ഞാലും സഖാവ് വി.എസ്സ് അത്ര മോശക്കാരനാണെന്ന് പറയാനാവില്ല. എ.ഡി.ബി കാര്യത്തിൽ പണ്ട് പറഞ്ഞതൊന്നും തെറ്റാണെന്ന് പറയാൻ അദ്ദേഹം തയ്യാറുമല്ല. അതുകൊണ്ടാണ് എ.ഡി.ബിയെ അദ്ദേഹം രഹസ്യമായും പരസ്യമായും എതിർത്തത്. മന്ത്രിസഭായോഗത്തിൽ പോലും അദ്ദേഹം തന്റെ നിലപാട് വ്യക്തമാക്കി. വിയോജനക്കുറിപ്പ് എഴുതാൻ ശ്രമിക്കുക വരെ ചെയ്തു. എങ്കിലും ആത്യന്തികമായി അദ്ദേഹവും ഒരു കമ്യൂണിസ്റ്റുകാരനാണ്. അതുകൊണ്ട് പാർട്ടിയുടെ അച്ചടക്കം പാലിച്ചു. അങ്ങനെ ചെയ്തില്ലെങ്കിൽ പാർട്ടിയിൽ നിന്നും പുറത്താകുമായിരുന്നു. കോൺഗ്രസ്സ് നേതാക്കൻമാരേപ്പോലെ എന്തും ചെയ്യാം എന്നൊന്നും കമ്യൂണിസ്റ്റ് നേതാക്കൻമാർ കരുതേണ്ടതില്ല.

സി.പി.ഐക്കാരുടെ കാര്യം ബഹുകഷ്ടമാണ്. എ.ഡി.ബി കാര്യത്തിൽ നിലപാട് മാറ്റാൻ അവർ തയ്യാറല്ല. പക്ഷേ കടുംപിടുത്തവുമായി മുന്നോട്ടു പോകാനുള്ള ആരോഗ്യവുമില്ല. വല്ല്യേട്ടൻ പിണങ്ങിയാൽ കാര്യം കുഴയും. അതുകൊണ്ട് അവർ അത്ര ഇടത്തോട്ടോ അത്ര വലത്തോട്ടോ തിരിയാതെ നടുവിലൂടെ നടക്കുകയാണ്. എ.ഡി.ബിയോട് വിരോധമാണ്. അതുകൊണ്ട് സമരം നടത്തുന്നു. അതേസമയം എ.ഡി.ബിയുടെ പണം വാങ്ങുന്ന സർക്കാരിന്റെ ഭാഗമാണുതാനും. പക്ഷേ രണ്ടു വള്ളത്തിൽ കാല് വച്ചുള്ള ഈ യാത്ര എത്രക്കാലം തുടരാൻ പറ്റുമെന്ന് കണ്ടുതന്നെ അറിയണം.

ഒരു ബജറ്റ് വരുമ്പോൾ പ്രതിപക്ഷത്തിന് സന്തോഷമാകും. എത്ര ശ്രദ്ധിച്ച് ബജറ്റ് ഉണ്ടാക്കിയാലും ആർക്കെങ്കിലുമൊക്കെ അഹിതമായ കാര്യങ്ങൾ ഏതു ബജറ്റിലും ഉണ്ടാകുമെന്നതു തന്നെ കാരണം. പക്ഷേ ഇത്തവണ ധനമന്ത്രി തോമസ് ഐസക്ക് അവതരിപ്പിച്ച ബജറ്റിനെതിരെ ഏറെയൊന്നും പറയാൻ പ്രതിപക്ഷത്തിന് കഴിഞ്ഞില്ല. യാഥാർത്ഥ്യബോധമില്ലാത്ത ബജറ്റാണ് എന്നൊക്കെ ഒഴുക്കൻ മട്ടിൽ പറഞ്ഞതല്ലാതെ ന്യൂനതകൾ എടുത്തു പറയാൻ ഇല്ലാതെപോയി. ഇന്നത്തെ പ്രതിപക്ഷം ഭരണം നടത്തിയിരുന്ന കാലത്ത് ഇതിലും നല്ല ബജറ്റ് അവതരിപ്പിച്ചു എന്ന് പറയാനുമാവാത്ത സ്ഥിതി. ഇക്കണക്കിനു പോയാൽ സർക്കാരിനെ വിമർശിക്കാൻ പറ്റാത്ത സ്ഥിതിയിലാകും പ്രതിപക്ഷം.

ചോദ്യപേപ്പർ വഴിയിൽ വിതറുന്നത് എന്തുകൊണ്ടും നല്ലതാണ്. കുട്ടികൾക്കോ രക്ഷിതാക്കൾക്കോ അവ ശേഖരിക്കാം. ചോദ്യങ്ങൾ മുൻകൂട്ടി അറിഞ്ഞ് ഉത്തരങ്ങൾ പഠിക്കാം. പരീക്ഷക്ക് വരാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ പഠിച്ച് സമയം വെറുതെ കളയേണ്ടതില്ല. ചോദ്യങ്ങൾ ഏതൊക്കെയാണെന്ന് മുൻകൂട്ടി അറിഞ്ഞതിനുശേഷം പഠിക്കുന്നതുകൊണ്ട് ഉയർന്ന മാർക്ക് വാങ്ങാനും സാധിക്കും.

ഇത്രയുമൊക്കെ ഗുണങ്ങലുണ്ടങ്കിലും ഇപ്പോൾ ഈ പരിപാടിക്ക് ചില പോരായ്മകളൊക്കെയുണ്ട്. ഒന്നാമതായി, ചില പ്രദേശങ്ങളിലുള്ള വഴികളിൽ മാത്രമേ ചോദ്യപേപ്പർ വിതറുന്നുള്ളൂ. കേരളത്തിലുള്ള എല്ലാ റോഡുകളിലും ചോദ്യപേപ്പർ വിതറാൻ പദ്ധതി തയ്യാറാക്കണം. അതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിൽ ഏതൊക്കെ റോഡുകളിലാണ് പേപ്പർ വിതരണം നടത്തുക എന്ന് മുൻകൂട്ടി പ്രഖ്യാപിക്കണം. ചില ക്ലാസ്സുകളിലെ ചോദ്യപേപ്പർ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്നതാണ് മറ്റൊരു പോരായ്മ. എല്ലാ ക്ലാസ്സുകളിലെ ചോദ്യപേപ്പറും വിതരണം നടത്താൻ നടപടി സ്വീകരിക്കണം. പന്തിയിൽ പക്ഷാഭേദം കാണിക്കാൻ പാടില്ല.

വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായ ഈ പദ്ധതി പ്രാവർത്തികമാക്കിയ ഉദ്യോഗസ്ഥരെ സർക്കാർ സസ്പെന്റ് ചെയ്തതായി അറിഞ്ഞു. അത് മഹാമോശമായിപ്പോയി. ഇക്കാലത്ത് ഒരു ഉപകാരം ചെയ്താൽ ഇതാണ് ഫലം. പുരോഗമനപരമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ഉദ്യോഗസ്ഥരെ സർക്കാർ പ്രോത്സാഹിപ്പിക്കണം. അവാർഡ് കൊടുത്ത് ആദരിക്കണം.


## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# യെരൂശലേമിലും സാക്ഷികളായി

പരിശുദ്ധാത്മശക്തി പ്രാപിക്കുമ്പോൾ യെരൂശലേമിലും യഹൂദ്യയിലും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും സാക്ഷികളാകും ക്രിസ്തുവിന്റെ സാക്ഷികളാകും എന്ന് കർത്താവ് വാഗ്ദത്തം ചെയ്തിരുന്നു. ടി.എസ്.ഏബ്രഹാം ഉൾപ്പെടെയുള്ള ചിലർക്ക് ഈ വാക്യം ഈയിടെയാണ് ഓർമ്മ വന്നത്. ആകെമൊത്തം ടോട്ടൽ കണക്ക് കൂട്ടി നോക്കിയപ്പോൾ ഭൂമിയുടെ അറ്റത്തോളം പോയെങ്കിലും യെരൂശലേമിലും യഹൂദ്യയിലും ശമര്യയിലും പോയിട്ടില്ല. കുഴഞ്ഞതുതന്നെ.

എന്താണ് പോംവഴി? ഒരു പിടിയുമില്ല. അങ്ങനെ ദു:ഖിച്ച് ഇരിക്കുന്ന സമയത്താണ് പി.സി.ഐക്കാര് വിശുദ്ധനാടുകൾ സന്ദർശിക്കുന്ന വിവരം അറിഞ്ഞത്. പക്ഷേ ഒരു പ്രശ്നം: പി.സി.ഐക്കാരെ ടി.എസ്.ഏബ്രഹാമിന് കണ്ണെടുത്താൽ കണ്ടുകൂടാ. എന്താ കാരണം? സിമ്പിൾ – പി.സി.ഐയുടെ നേതൃസ്ഥാനത്തെന്നല്ല ഒരു സ്ഥാനത്തും ടി.എസ്.ഏബ്രഹാമിന് സീറ്റ് കൊടുത്തില്ല. അതുകൊണ്ട് പി.സി.ഐ എന്നത് സാക്ഷാൽ ചെകുത്താന്റെ സംഘടനയാണ് എന്നത്രേ ടി.എസ്.ഏബ്രഹാം പ്രചരിപ്പിക്കുന്നത്. പി.സി.ഐയുടെ നേതൃത്വത്തിൽ നടന്ന ശതാബ്ദി ഭോഷ്ക്കിനെതിരെ ടി.എസ്.ഏബ്രഹാം ശക്തമായ നിലപാടെടുത്തതും ഈ കാരണത്താലത്രേ.

പക്ഷേ അതൊക്കെ പഴങ്കഥ. ഇപ്പോൾ അതൊക്കെ ഓർക്കുന്നത് ശരിയല്ല. സാക്ഷിയാകുക എന്നതാണ് പ്രധാന സംഗതി. അതുകൊണ്ട് കുടിപ്പകയ്ക്ക് അവധി കൊടുത്ത് ടി.എസ്.ഏബ്രഹാം വിശുദ്ധനാടുകളിലേക്ക് പോയി. ഒറ്റയ്ക്കല്ല പോയത്. കുടുംബത്തിൽ നിന്നും കൊണ്ടുപോകാവുന്നവരെയെല്ലാം കൊണ്ടുപോയി. പര്യടനം കഴിഞ്ഞ് സസുഖം തിരിച്ചെത്തുകയും ചെയ്തു.

അപ്പോൾ പി.സി.ഐ വിരോധമോ? അതൊക്കെ അപ്പച്ചന്റെ ഒരു തമാശയല്ലേ.

# വൽസൻ തമ്പുരാന് സ്ഥലംമാറ്റം ഇഷ്ടമല്ല

പാസ്റ്റർമാരുടെ സ്ഥലം മാറ്റം എന്ന പരിപാടി വൽസൻ തമ്പുരാന് അശ്ശേഷം പിടിക്കുന്നില്ല. മൂന്നോ നാലോ കൊല്ലത്തിൽ ഒരിക്കൽ പാസ്റ്റർമാർക്ക് സ്ഥലംമാറ്റം കൊടുക്കുന്നതുകൊണ്ടാണ് സഭകൾ വളരാത്തത് എന്നൊരു കണ്ടുപിടുത്തവും മേല്പടിയാൻ നടത്തുകയുണ്ടായി. കെ.സി.ജോൺ ചുമ്മാഡോ ആയതിൽ അഭിനന്ദനം രേഖപ്പെടുത്തിക്കൊണ്ട് പ്രസംഗിക്കുന്നതിനിടയിലാണ് തമ്പുരാൻ തിരുവുള്ളം വെളിപ്പെടുത്തിയത്.

ആദിമ സഭയിൽ സ്ഥലംമാറ്റം എന്നൊന്ന് ഇല്ലായിരുന്നു എന്നത് ശരിതന്നെ. പക്ഷേ ആദിമ സഭയിൽ ഐ.പി.സിയും ഇല്ലായിരുന്നു. വിശ്വാസി, പ്രാദേശികസഭ, ആകമാന സഭ എന്നിവ മാത്രമാണ് ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നത്. പ്രാദേശിക സഭയിൽ നിരവധി ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളും ഉണ്ടായിരുന്നു. അവരുടെ അദ്ധ്യക്ഷൻ അഥവാ മേൽനോട്ടക്കാരനായി ബിഷപ്പ് അഥവാ പാസ്റ്റർ ഉണ്ടായിരുന്നു. ഇതൊന്നുമല്ലല്ലോ ഇന്നത്തെ സഭയിൽ ഉള്ളത്.

അക്കാലത്ത് പ്രാദേശികസഭ സ്വതന്ത്രമായിരുന്നു. ശുശ്രൂഷകൻമാരും ബിഷപ്പുമാരും മറ്റും പ്രാദേശിക സഭയിലെ അംഗങ്ങളായിരുന്നു. പക്ഷേ നാലാം നൂറ്റാണ്ടോടെ ഈ സ്ഥിതിക്ക് വ്യത്യാസം വന്നു. പട്ടത്വം എത്തി. ബിഷപ്പ് നിരവധി പ്രാദേശിക സഭകളുടെ തലവനായി. ആർച്ച് ബിഷപ്പും പോപ്പും ഒക്കെ ഉണ്ടായി. അങ്ങനെ ഇന്നത്തെ പട്ടത്വ സഭകളും ഭരണക്രമങ്ങളും ഉണ്ടായി.

രക്ഷിക്കപ്പെട്ട ദൈവമക്കൾ പട്ടത്വസഭകൾ ഉപേക്ഷിച്ച് പുറത്തു വന്നെങ്കിലും കെ.ഇ.ഏബ്രഹാമിനേപ്പോലുള്ളവർ അവരെ സംഘടനയുടെ ബന്ധനത്തിലാക്കി. നേതാക്കൻമാർക്ക് ഷൈൻ ചെയ്യാൻ സംഘടന വേണം. അങ്ങനെ സംഘടന ഉണ്ടായപ്പോൾ പട്ടത്വ സഭകളിലെ ഭരണക്രമം സ്വീകരിക്കാതെ നിവൃത്തിയില്ലെന്നു വന്നു. ബിഷപ്പിനു പകരം സെന്റർ പാസ്റ്റർ ഉണ്ടായി. പോപ്പിനു പകരം സഭയുടെ പ്രസിഡന്റും ഉണ്ടായി. പട്ടത്വ സഭകളിൽ അച്ചൻമാരെ സ്ഥലം മാറ്റുന്നതുപോലെ പെന്തക്കോസ്ത് സഭകളിലും സ്ഥലംമാറ്റം ഉണ്ടായി. അതുകൊണ്ട് സ്ഥലം മാറ്റം ഒഴിവാക്കാൻ ഒരു പോംവഴിയേയുള്ളൂ: ഐ.പി.സി ഉൾപ്പെടെയുള്ള എല്ലാ പെന്തക്കോസ്ത് സംഘടനകളും പിരിച്ചുവിടുക. പ്രാദേശിക സഭകൾ സ്വതന്ത്രമാകട്ടെ.

# പണം കൊടുത്താൽ ഏതു ഡിഗ്രിയും കിട്ടും

കെ.സി.ജോണിന് ഡോക്ട്രേറ്റ് കൊടുത്ത ഇന്റർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചർച്ച് മാനേജ്മെന്റ് ഡോക്ട്രേറ്റ് മാത്രമല്ല ഏതു ഡിഗ്രിയും കൊടുക്കുമെന്ന് അറിവായി. പണം കൊടുക്കുന്ന ആർക്കും ഡിഗ്രികൾ നൽകും എന്ന് അറിയിച്ചുകൊണ്ട് ഈ സ്ഥാപനം ഏതാനും മാസം മുൻപ് നൂറുകണക്കിന് ആളുകൾക്ക് ഈമെയിൽ അയച്ചിരുന്നു. ഇപ്രകാരം ഈമെയിൽ ലഭിച്ച ഒരാൾ പ്രസ്തുത ഈമെയിൽ ഡിഫെൻഡറിന് ഫോർവേഡ് ചെയ്യുകയുണ്ടായി. ഞെട്ടിക്കുന്ന വിവരങ്ങളാണ് ഈ കത്തിലുള്ളത്.

സാധാരണ ബിരുദം മുതൽ ഡോക്ട്രേറ്റ് വരെയുള്ള ഏതു ബിരുദവും ഈ സ്ഥാപനത്തിൽ നിന്ന് വില കൊടുത്ത് വാങ്ങാം. ഓരോ ഡിഗ്രിയുടേയും വില ഈമെയിലിൽ വിശദീകരിച്ചിട്ടുമുണ്ട്. അത് ഇപ്രകാരമാണ്. സാധാരണ ഡിഗ്രി – വില ഇന്ത്യയിൽ 3000 രൂപ. അയൽരാജ്യങ്ങളിൽ 4500 രൂപ. മാസ്റ്റർ ഡിഗ്രിക്ക് ഇന്ത്യയിൽ 4000 രൂപ. അയൽ രാജ്യങ്ങളിൽ 6000 രൂപ.

കെ.സി.ജോണിന് കിട്ടിയതുപോലെയുള്ള ഡോക്ട്രേറ്റിന് ഇന്ത്യയിൽ 5000 രൂപയും വിദേശത്ത് 7500 രൂപയുമാണ് വില. കൂടാതെ, ഇന്ത്യയിലുള്ള എല്ലാവരും 1350 രൂപ മറ്റു ഫീസുകളായി കൊടുക്കണം. (വിദേശത്തുള്ളവർ 2025 കൊടുക്കണം).

ഇത്തരം ഒരു സ്ഥാപനത്തിൽ നിന്ന് ചുമ്മാഡോ വാങ്ങി റവ.ഡോ.കെ.സി.ജോൺ എന്ന് നോട്ടീസിൽ പെരടിക്കുന്നവന്റെ തൊലിക്കട്ടി അപാരമാണെന്ന് പറയാതെവയ്യ.

| Degree | Amount (India) | Neighboring Countries |
|---|---|---|
| Honorary Bachelor of Ministry | Rs 3,000/- | Rs. 4500/- |
| Honorary Master of Ministry | Rs 4,000/- | Rs. 6000/- |
| Honorary Doctorates D.D. | Rs. 5,000/- | Rs. 7500/- |

Life Time IICM Membership for all Nominees ( India)-Rs.1000/- & Rs. 1500/- (Neighboring Countries) (Mandatory)

With an additional amount of ( India)-Rs 350/- & Rs. 525/- (Neighboring Countries) for Graduation fees .

# രുദ്രാക്ഷാനന്ദന്റെ അടവ് ഫലിച്ചില്ല

പാണ്ടൻ നായുടെ പല്ലിന്റെ ശൗര്യം എല്ലായ്പ്പോഴും ഒന്നുപോലെ ഫലിക്കയില്ല. ഈ പരമസത്യം ശ്രീമാൻ രുദ്രാക്ഷാനന്ദൻ അനുഭവിച്ചറിഞ്ഞു.

ക്രിസ്ത്യൻ ട്രിബ്യൂണിന് ലക്ഷക്കണക്കിന് കോപ്പികളുണ്ടെന്ന് ഗൾഫിലുള്ള ബിസിനസ്സുകാരെ പറഞ്ഞു വിശ്വസിപ്പിച്ച് പരസ്യം വാങ്ങുകയും പരസ്യക്കൂലിയായി ലക്ഷങ്ങൾ തട്ടുകയും ചെയ്യുന്നത് പതിവാക്കിയ ആളാണ് മാത്യൂസ് ലൂക്കോസ്. പക്ഷേ ഇത്തവണ ഈ പരിപാടി പാളി.

പരസ്യം പിടിക്കാനായി ആഴ്ച മുൻപ് മാത്യൂസ് യു.എ.യിൽ എത്തി. പക്ഷേ ഡിഫെൻഡറിന്റെ സ്വാധീനം എത്രത്തോളമുണ്ടെന്ന് അപ്പോഴാണ് മാത്യൂസ് അറിഞ്ഞത്. ഇയാൾ ഗംഗയിൽ മുങ്ങിയതും കാവി ഉടുത്തതും രുദ്രാക്ഷം ഇട്ടതും ഒക്കെ ഡിഫെൻഡറിലൂടെ ഗൾഫിൽ ഉള്ളവർ അറിഞ്ഞിരിക്കുന്നു. എന്തു മറുപടി പറയും? മാത്യൂസ് കുഴഞ്ഞു. വളരെ ആലോചിച്ച് ഒരു പോംവഴി കണ്ടെത്തി. ഒന്നാന്തരം ഒരു കള്ളം പറയുക: അങ്ങനെ ആ നുണ പറഞ്ഞു. ടി. എസ്.ബാലൻ കുറെ പണം ചോദിച്ചെന്നും ചോദിച്ച പണം കൊടുക്കാതിരുന്നതുകൊണ്ടാണ് ബാലൻ അങ്ങനെ എഴുതിയതെന്നും പറഞ്ഞുനോക്കി. പക്ഷേ അത് വിശ്വസിക്കാൻ ആളുണ്ടായില്ല. അതുകൊണ്ട് മാത്യൂസ് വെറുംകൈയ്യോടെ ഗൾഫിൽ നിന്നും മടങ്ങി.

# രോഗശാന്തി: ഹാരി ഗോംസ് മോഡൽ

ഹാരി ഗോംസ് എന്നൊരു പഹയൻ ഏതാനും വർഷം മുൻപ് കേരളത്തിലെമ്പാടും സുവിശേഷം ഘോഷിക്കയും അത്യുഗ്രൻ അത്ഭുതങ്ങൾ നടത്തുകയും ചെയ്തിരുന്നു. ദുർന്നടപ്പു കേസ്സിൽ തൊണ്ടി സഹിതം പിടിക്കപ്പെട്ടതോടെ ഇയാൾ ഇപ്പോൾ അജ്ഞാതവാസത്തിലാണ് എന്ന് അറിയുന്നു.

ദുർന്നടപ്പ് മുഖ്യ പരിപാടിയും രോഗശാന്തി ഉപതൊഴിലുമായി വിലസിയിരുന്ന നല്ലകാലത്ത് ഇയാൾക്ക് കേരളത്തിൽ നല്ല മാർക്കറ്റായിരുന്നു. അഗസ്റ്റിൻ ഗോമോസ് മരിച്ച് ഏറെ കഴിയും മുൻപ് സാമ്യമുള്ള പേരുമായി എത്തിയ ഇയാൾക്ക് നല്ല സ്വീകരണം കിട്ടിയതിൽ അത്ഭുതമില്ല. കേരളത്തിൽ മാർക്കറ്റ് പിടിച്ചടക്കിയാൽ പിന്നെ അടുത്ത ലക്ഷ്യം ഗൾഫാണല്ലോ. അങ്ങനെ ഇയാൾ ഗൾഫിൽ എത്തി.

അത്ഭുതക്കാർക്ക് ഗൾഫിൽ എന്നും നല്ല സ്വീകരണം ലഭിക്കും. ഹാരി ഗോംസിനും നല്ല സ്വീകരണം തന്നെ ലഭിച്ചു. പല സഭകളും കൺവെൻഷൻ തന്നെ നടത്തി. അപ്രകാരം നടന്ന ഒരു കൺവെൻഷനിൽ ജനത്തിരക്കുമൂലം പുറത്ത് ക്ലോസ്ഡ് സർക്യൂട്ട് ടി.വി വെച്ചിരുന്നു. ഹാരി ഗോംസ് നടത്തുന്ന രോഗശാന്തി ശുശ്രൂഷ ടി.വിയിൽ കണ്ടവർ ഞെട്ടി. രോഗശാന്തിക്കായി പ്രാർത്ഥിക്കാൻ ഇയാൾ സ്ത്രീകളുടെ തലയിൽ വെയ്ക്കുന്ന കൈ പിൻവലിക്കുന്നത് സ്ത്രീകളുടെ പിൻഭാഗം ആകെയൊന്ന് തൂത്തു തലോടിയാണ്. അടുത്തു നിൽക്കുന്നവർ കണ്ണടച്ച് പ്രാർത്ഥിക്കയും ബഹളം കൂട്ടുകയും ചെയ്യുന്നതിനിടയിൽ ഇതൊന്നും കാണുന്നില്ല. പക്ഷേ ടി.വി ക്യാമറയ്ക്ക് ഇത് കാണാതിരിക്കാൻ കഴിഞ്ഞില്ല. ഏതായാലും രോഗശാന്തിക്കായി എത്തിയ അമ്മാമ്മമാർക്ക് ചില രോഗത്തിന് അല്പം ശാന്തികിട്ടി.

# കാറു വാങ്ങാൻ പണം കിട്ടിയില്ല, റവറണ്ട് ചൂടായി

കാശുണ്ടാക്കാനുള്ള എളുപ്പമാർഗ്ഗം ഗൾഫ് പര്യടനമാണെന്ന് ഈ ഭൂമിമലയാളത്തിലുള്ള എല്ലാ ഉപദേശിമാർക്കും അറിയാം. പക്ഷേ ഉപദേശിമാരുടെ ഈ ടെക്നിക് ഗൾഫിൽ ഉള്ളവർക്ക് ഇപ്പോൾ മനസ്സിലായിക്കഴിഞ്ഞു. അതുകൊണ്ട് ഗൾഫ് പര്യടനം നടത്തുന്ന മിക്ക ഉപദേശിമാർക്കും ഇപ്പോൾ മുടക്കുമുതൽ പോലും കിട്ടാറില്ലെന്നു മാത്രം. നാണക്കേടോർത്ത് പലരും സത്യം പുറത്തു പറയാറില്ല.

അടുത്ത കാലത്ത് കൊട്ടാരക്കര ഭാഗത്തുള്ള ഒരു റവയ്ക്ക് ഒരു കാർ വാങ്ങാൻ മോഹം ഉദിച്ചു. റവയായാൽ കാറുവേണം എന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. കാറില്ലാത്ത റവ സകലമാന റവറണ്ടൻമാർക്കും അപമാനമാണല്ലോ. കാർ വാങ്ങാൻ പണം വേണം. പണം കിട്ടാൻ വിദേശ പര്യടനത്തോളം നല്ല വഴി വേറെയില്ല. അമേരിക്കൻ പര്യടനം നടത്താൻ ആഗ്രഹമുണ്ടെങ്കിലും വിസ കിട്ടുക എളുപ്പമല്ല. അതുകൊണ്ട് ഗൾഫ് പര്യടനം തന്നെ ശരണം. അങ്ങനെ ഒരു വിസ എടുത്ത് ഗൾഫിൽ എത്തി.

എലിക്കുഞ്ഞിനെ നെല്ല് പൊളിക്കാൻ ആരും പഠിപ്പിക്കേണ്ടതില്ല. അതുപോലെ, പണമുണ്ടാക്കുന്നതെങ്ങനെ എന്ന് റവറണ്ടൻമാരെ പഠിപ്പിക്കേണ്ട ആവശ്യമില്ല. ഈ റവയും ഊർജ്ജിതമായി ധനശേഖരണം നടത്തി. പലരും പണം കൊടുത്തു. പക്ഷേ വിസയുടെ കാലാവധി കഴിയാറായിട്ടും കാർ വാങ്ങാൻ ആവശ്യമായ പണം തികഞ്ഞില്ല. റവയ്ക്ക് സ്വാഭാവികമായും കോപമുണ്ടായി. ഉടൻ ഈ മാന്യദേഹം ഫോണെടുത്ത് പരിചയക്കാരെയെല്ലാം വിളിച്ചു: ''നിങ്ങളൊക്കെ എന്തു പരിപാടിയാ ഈ കാണിക്കുന്നത്? ഒരു കാർ വാങ്ങാനുള്ള പണമുണ്ടാക്കാനാ ഞാൻ ഇവിടെ വന്നത്. ആവശ്യമുള്ള പണത്തിന്റെ പകുതിപോലും ഇതുവരെ കിട്ടിയില്ല....''.

ഗൾഫിലുള്ള വിശുദ്ധൻമാർ എന്തു മറുപടി പറഞ്ഞെന്ന് അറിഞ്ഞുകൂടാ. പക്ഷേ ഇത്തരം രോഗങ്ങൾക്ക് ''പ്രഹരം തന്നെ ഏക ഔഷധം'' എന്നൊരു പ്രമാണമുള്ളതായി അറിയാം.

# ബെന്നിഹീന്റെ ഉഗാണ്ടാ സന്ദർശനത്തേക്കുറിച്ച് ഒരു ഉഗാണ്ടൻ പത്രത്തിൽ ഈയിടെ പ്രസിദ്ധീകരിച്ച വാർത്ത

## Uganda: Rucci Scoops Benny Hinn Deal

**Kampala**

It is confirmed that US-based international TV evangelist Benny Hinn will be in the country in May. Hinn, who will be in Uganda at the invitation of Lighthouse Television, will hold two crusades at Namboole Stadium on May 18 and 19.

Hinn will fly in on a private jet with private security. We are told his time of arrival cannot be divulged for security reasons. But the man who must be more excited than the most devout born-again Christian about Hinn's visit is Isaac Rucci-bigango (Rucci), who now single-handedly comprises Limit X and the president of FishneXt Group, an international promotions company.

Scouts tell us that Rucci has scooped the lucrative deal to handle the crusade's technical logistics - sound, stage and lighting. Considering that this is possibly going to be the largest ever gospel crusade in Uganda, he will surely be laughing all the way to the bank.

When Hinn visited Nairobi a few years ago, over one million people jam-packed Uhuru Park, with another estimated million lingering on the park's outskirts.

(March 9, 2007)

# പാറക്കടവിൽ പറയുന്നത് ശരിയല്ല

ടി.എസ്.ഏബ്രഹാം നിലവിളക്ക് കൊളുത്തിയതുമായി ബന്ധപ്പെട്ട് ഡോ.ജോസ് പാറക്കടവിൽ സങ്കീർത്തനം ദ്വൈവാരികയിൽ എഴുതിയ ലേഖനമാണ് ഈ കുറിപ്പിന് ആധാരം.

നിലവിളക്ക് കൊളുത്തിയത് അത്ര ഗൗരവമുള്ള കാര്യമല്ലെന്നും അതുമായി ബന്ധപ്പെട്ട് ഇത്ര വലിയ കോലാഹലമൊന്നും ഉണ്ടാക്കേണ്ട കാര്യമില്ലെന്നുമാണ് പാറക്കടവിൽ പറയുന്നത്. അദ്ദേഹം അങ്ങനെ പറയുന്നതിൽ അത്ഭുതമില്ല. കാരണം, പെന്തക്കോസ്തുകാരനല്ലാത്ത പാറക്കടവിലിന് ഈ പ്രശ്നത്തെ പെന്തക്കോസ്ത് ഉപദേശത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കാനോ വിലയിരുത്താനോ ആവില്ല.

നിലവിളക്ക് കൊളുത്തുക എന്നത് ക്രിമിനൽ കുറ്റമല്ല. അതുകൊണ്ട് ടി.എസ്.ഏബ്രഹാം ഈ രാജ്യത്തെ നിയമം അനുസരിച്ച് ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുമില്ല. പക്ഷേ പെന്തക്കോസ്ത് നേതാവായ ടി.എസ്.ഏബ്രഹാം പെന്തക്കോസ്ത് ഉപദേശത്തിന് നിരക്കാത്ത കാര്യം ചെയ്തു എന്നതാണ് ഇവിടത്തെ പ്രശ്നം. എത്ര വെള്ളപൂശാൻ ശ്രമിച്ചാലും ഈ കരി വെളുപ്പിച്ചെടുക്കാൻ ആവില്ല.

ഈ തോന്ന്യാസം കാണിച്ച ടി.എസ്.ഏബ്രഹാം സ്വന്തം തെറ്റ് ഏറ്റു പറഞ്ഞു കഴിഞ്ഞിരിക്കെ പാറക്കടവിൽ അദ്ദേഹത്തെ ന്യായീകരിക്കാൻ ബുദ്ധിമുട്ടേണ്ടതില്ല. ടി.എസ്.ഏബ്രഹാമിന്റെ പ്രസ്താവനയിൽ ഇപ്രകാരം കാണുന്നു:

''ദീപം കൊളുത്തി എന്തിന്റെയെങ്കിലും ആരംഭം കുറിക്കുന്നത് വേർപെട്ട ജനത്തിനില്ല എന്ന നിലപാടുതന്നെയാണ് ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ ഇനിയും തുടരേണ്ടത്. ഈ ഉദ്ഘാടനത്തേക്കുറിച്ച് പത്രത്തിൽ വന്ന ചിത്രവും വാർത്തയും സഭാജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള തെറ്റിദ്ധാരണയിലും ബുദ്ധിമുട്ടിലും ഞാൻ ഖേദിക്കുന്നു.''

ടി.എസ്.ഏബ്രഹാം തെറ്റ് ഏറ്റു പറഞ്ഞാലും പാറക്കടവിൽ വിടുന്ന ലക്ഷണമില്ല. അതുകൊണ്ട് ഈ ദുർന്നടപടിയെ ന്യായീകരിക്കാൻ അദ്ദേഹം നിരത്തുന്ന ന്യായങ്ങൾ പരിശോധിക്കാം.

ഒന്നാം നൂറ്റാണ്ടിലെ ദൈവസഭയിൽ നിലനിന്നിരുന്ന ചില പ്രശ്നങ്ങളാണ് പാറക്കടവിൽ ആദ്യം പഠനവിധേയമാക്കുന്നത്. വിവിധ മതങ്ങളിൽ നിന്നും സംസ്ക്കാരങ്ങളിൽ നിന്നും ദൈവസഭയിൽ എത്തിയവർ അക്കാലത്ത് ഉണ്ടായിരുന്നു. ഏതൊക്കെ ആചാരങ്ങൾ സ്വീകരിക്കണം, ഏതൊക്കെ തള്ളിക്കളയണം എന്നതായിരുന്നു പ്രധാന പ്രശ്നം. ''വിശ്വാസത്തിന് വിരുദ്ധമാകാത്ത വിധത്തിലും മറ്റൊരാൾക്ക് ഇടർച്ച ആകാത്ത വിധത്തിലും വേണം ഈ പ്രശ്നം കൈകാര്യം ചെയ്യൻ'' എന്നാണ് പൗലോസ് നിർദ്ദേശിച്ചത് എന്ന് ഡോ.പാറക്കടവിൽ പറയുന്നത് തികച്ചും ശരിയാണ്. ''സാംസ്ക്കാരികമായ അനുരൂപണത്തിൽ അപകടമില്ല'' എന്ന് പൗലോസ് കരുതി എന്നതും ശരിതന്നെ.

ടി.എസ്.ഏബ്രഹാമിന്റെ പ്രവൃത്തി ഏതു വിധത്തിലുള്ളതാണ്? പരിശോധിക്കാം:

1. ഇത് വിശ്വാസത്തിന് വിരുദ്ധമാണോ?

ആണെന്ന് ടി.എസ്.ഏബ്രഹാം തന്നെ സമ്മതിക്കുന്നു. അതുകൊണ്ട് കൂടുതൽ വിശദീകരണം ആവശ്യമില്ല.

2. ഇത് ഇടർച്ചയുണ്ടാക്കുന്ന നടപടി ആയിരുന്നോ?

ആയിരുന്നു എന്ന് ടി.എസ്.ഏബ്രഹാം തന്നെ സമ്മതിക്കയും ഖേദപ്രകടനം നടത്തുകയും ചെയ്തു.

3. ഇത് സാംസ്ക്കാരിക അനുരൂപണമായിരുന്നോ?

അല്ല. വിശദീകരിക്കാം. ഹൈന്ദവ വിശ്വാസം അനുസരിച്ച് ഗണപതിയാണ് വിഘ്നേശ്വരൻ. അതുകൊണ്ട് ഏത് പ്രവൃത്തി ആരംഭിക്കുമ്പോഴും അവർ ഗണപതിയെ പ്രീതിപ്പെടുത്താൻ ശ്രമിക്കും. ''ഗണപതിക്കു വെയ്ക്കുക'' എന്നാണ് ഇത് അറിയപ്പെടുന്നത്. ''ഗണപതിക്കു വെച്ചത് കാക്ക കൊണ്ടുപോയി'' എന്ന പഴഞ്ചൊല്ലും അതിൽ നിന്ന് ഉണ്ടായതാണ്.

ഒരു നിലവിളക്ക് കൊളുത്തിവെച്ച് അതിനു മുൻപിൽ പഴം, അവിൽ, ശർക്കര തുടങ്ങിയവ വെയ്ക്കുകയാണ് പതിവ്. നിവേദ്യം വയ്ക്കാൻ അസൗകര്യമുണ്ടെങ്കിൽ നിലവിളക്ക് കൊളുത്തുക മാത്രം ചെയ്യും. ഏതു വിധത്തിലായാലും ഗണപതിയെ പ്രീതിപ്പെടുത്തുകയാണ് ലക്ഷ്യം.

നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്യുന്ന പരിപാടി സത്യത്തിൽ ഗണപതിപൂജയാണ്. അത് ഒരു സാംസ്ക്കാരിക ആചാരമല്ല, അന്യദൈവാരാധനയാണ്. അതുകൊണ്ട് ടി.എസ്.ഏബ്രഹാം സാംസ്ക്കാരിക ആചാരപ്രകാരം എന്തോ ചെയ്യുകയായിരുന്നു എന്ന് പറയാനാവില്ല.

തങ്ങളുടെ വിശ്വാസാചാരങ്ങളുമായി പൊരുത്തപ്പെടാത്തതായി കേരളത്തിലെ ക്രൈസ്തവരുടെ ഇടയിൽ കണ്ടതെല്ലാം പോർട്ടുഗീസുകാർ ഉദയംപേരൂർ സുന്നഹദോസിലൂടെ എടുത്തുകളഞ്ഞു എന്നത് ശരിതന്നെ. പക്ഷേ ഇപ്രകാരം എടുത്തു കളഞ്ഞതിൽ നല്ലൊരു പങ്ക് ക്രൈസ്തവവത്ക്കരിക്കപ്പെട്ട ഹൈന്ദവാചാരങ്ങളായിരുന്നു എന്ന് ഉദയംപേരൂർ സുന്നഹദോസിന്റെ രേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. അവ നീക്കം ചെയ്യപ്പെടേണ്ടവതന്നെ ആയിരുന്നു. എന്നാൽ കൂനൻ കുരിശ് സത്യത്തിനുശേഷം ഇത്തരം നിരവധി ഹൈന്ദവാചാരങ്ങൾ തിരിച്ചെടുത്തു. അവ ഇന്നും ഓർത്തഡോക്സ്-യാക്കോബായ പള്ളികളിൽ നിലനിൽക്കുകയും ചെയ്യുന്നു. പോർട്ടുഗീസുകാർ ചെയ്ത തെറ്റ് അംഗീകരിക്കുന്നതോടൊപ്പം അവർ ചെയ്ത ശരിയും നാം അംഗീകരിക്കണം.

സംഗീതം, നൃത്തം എന്നിവയിലുള്ള അന്യദൈവസ്തുതികൾ സ്വീകരിക്കുന്നതിൽ തെറ്റില്ല എന്ന നിലപാടാണ് പാറക്കടവിലിനുള്ളത്. എന്നാൽ ടി.എസ്. ഏബ്രഹാമിന്റെ വാക്കുകൾ കടമെടുത്ത് പറയട്ടെ: ഇവയൊക്കെ അംഗീകരിക്കുന്ന രീതി ''വേർപെട്ട ജനത്തിനില്ല''.

സംഗീതത്തിലും നൃത്തത്തിലും മറ്റുമുള്ള അന്യദൈവസ്തുതി ''സൂക്ഷ്മമായി നിരീക്ഷിച്ചാൽ സാർവ്വത്രികമായ ഈശ്വരസ്തുതികൾ മാത്രമാണ്'' എന്ന് പാറക്കടവിലിന് പറയാം. പക്ഷേ സരസ്വതിയും ഗണപതിയും നടരാജനും മറ്റും സത്യദൈവമാണ് എന്ന് മഹാപാപിയായ ടി.എസ്. ഏബ്രഹാം പോലും പറയുകയില്ല.

വിദ്വാൻ കുട്ടി ക്രിസ്ത്യാനിയായതുമൂലം കുറെ നല്ല ഗാനങ്ങൾ നമുക്ക് ലഭിച്ചു എന്നത് ശരിതന്നെ. പക്ഷേ അന്യദൈവങ്ങളെ പൂർണ്ണമായി വിട്ടുകളയുവാൻ മനസ്സില്ലാതെ പോയ ഈ വിദ്വാൻ പിന്നീട് ദൈവമായി മാറി എന്ന കാര്യവും പാറക്കടവിൽ മറക്കരുത്. അന്യദൈവങ്ങളുമായി ചങ്ങാത്തം കൂടുന്നവർക്ക് ഇത് ഒരു പാഠമാണ്.

''നാട മുറിക്കൽ ആകാം വിളക്കു കൊളുത്തൽ പാടില്ല'' എന്നു പറയുന്നതിലെ യുക്തി പാറക്കടവിലിന് പിടികിട്ടാത്തതിൽ അത്ഭുതമില്ല. ഉദ്ഘാടനമെന്ന പരിപാടിതന്നെ അനാവശ്യമാണ്. എങ്കിലും നാട മുറിക്കുന്നത് അന്യദൈവവുമായി ബന്ധപ്പെട്ട കാര്യമല്ല. പക്ഷേ നിലവിളക്കു കൊളുത്തുന്നത് അന്യദൈവാരാധനയാണ്. അതുകൊണ്ടാണ് നാടമുറിക്കുന്നത് തെറ്റായി പരിഗണിക്കാത്തതും നിലവിളക്ക് കൊളുത്തുന്നതിനെ എതിർക്കുന്നതും.

(സങ്കീർത്തനം പത്രാധിപരോട് ഒരു അപേക്ഷ: ആത്മീയ വിഷയങ്ങളേക്കുറിച്ച് അഭിപ്രായം പറയുവാൻ വീണ്ടും ജനനം പ്രാപിക്കാത്തവരെ ക്ഷണിക്കരുത്).

# ഡിഫെൻഡർ മറുപടി പറയുന്നു

**?** പെന്തക്കോസ്ത് നേതാക്കൻമാരെ വിമർശിക്കാൻ ആരാണ് ഡിഫെൻഡറിന് അധികാരം തന്നത്? ഡിഫെൻഡർ എന്താ ലോക പോലീസാണോ?

■ ഡിഫെൻഡർ പ്രസിദ്ധീകരണം ആരംഭിച്ച കാലം മുതൽ കേട്ടുതുടങ്ങിയതാണ് ഈ ചോദ്യം. ഉത്തരമില്ലാത്ത അത്യുഗ്രൻ ചോദ്യമാണിത് എന്ന ഭാവത്തിലാണ് മിക്കവരും ഇത് ചോദിക്കുന്നത്. പക്ഷേ ചോദ്യകർത്താവിന്റെ അറിവില്ലായ്മയാണ് ഈ ചോദ്യത്തിലൂടെ പുറത്തുവരുന്നത്. കർത്താവായ യേശുക്രിസ്തുവിനോടും ചിലർ ഈ ചോദ്യം ചോദിച്ചിരുന്നു.

ഇന്ത്യൻ ശിക്ഷാനിയമം 499-ാം വകുപ്പ് ആദ്യമായി വായിക്കുക. അവിടെ ഈ വിഷയം വിശദീകരിക്കുന്നുണ്ട്.

അഭിപ്രായ സ്വാതന്ത്ര്യമുള്ള രാജ്യമാണ് ഇന്ത്യ. അതുകൊണ്ട് ഏതു വിഷയത്തേക്കുറിച്ചും ഇന്ത്യൻ പൗരന് തന്റെ നിലപാട് വ്യക്തമാക്കാം. എന്നാൽ ഇതിന് ചില നിയന്ത്രണങ്ങളൊക്കെയുണ്ട്.

ഉദാഹരണമായി, ഇന്ത്യൻ പ്രസിഡന്റിനെ വിമർശിക്കുന്നതിന് നിയന്ത്രണമുണ്ട്. ക്യാബിനറ്റിന്റെ ഉപദേശപ്രകാരമാണ് പ്രസിഡന്റ് തന്റെ അധികാരം വിനിയോഗിക്കുന്നത്. അതുകൊണ്ട് പ്രധാനമന്ത്രിയും ക്യാബിനറ്റുമാണ് യഥാർത്ഥ ഉത്തരവാദികൾ. അവരെ വിമർശിക്കാം. പക്ഷേ അവരുടെ ഉപദേശപ്രകാരം പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥനായ ഇന്ത്യൻ പ്രസിഡന്റിനെ വിമർശിക്കരുത്.

കോടതികളെ വിമർശിക്കുന്നതിനും ചില നിയന്ത്രണങ്ങളുണ്ട്. കോടതികളുടെ അന്തസ്സ് ഇടിച്ചു താഴ്ത്തുകയോ കോടതികളിൽ ജനങ്ങൾക്കുള്ള വിശ്വാസം ഇല്ലാതാക്കുകയോ ചെയ്യുന്ന വിധത്തിലുള്ള വിമർശനങ്ങൾ പാടില്ല. എന്നാൽ കോടതിവിധികളെ ഒരു പരിധിവരെ വിമർശിക്കുകയും വിശകലനം ചെയ്യുകയും ആവാം.

വ്യക്തികളേയും പ്രസ്ഥാനങ്ങളേയും വിമർശിക്കുന്നതാണ് മറ്റൊരു വിഭാഗം. ഇത്തരം വിമർശനങ്ങൾ നടത്തുമ്പോൾ പ്രധാനമായി മൂന്നു കാര്യങ്ങൾ പരിശോധിക്കണം:

1. ഇത് പൊതുപ്രാധാന്യമുള്ള വിഷയമാണോ?
2. സത്യസന്ധമായ കാര്യങ്ങളാണോ പറയുന്നത്?
3. ഉത്തമ വിശ്വാസത്തോടെയാണോ വിമർശനം നടത്തുന്നത്?

ഈ മൂന്നു ചോദ്യങ്ങൾക്കും ''അതെ'' എന്ന ഉത്തരമാണ് ലഭിക്കുന്നതെങ്കിൽ വിമർശനം നടത്താം. അതിനുള്ള അധികാരം ഏത് ഇന്ത്യൻ പൗരനും ഈ രാജ്യത്തെ നിയമം നൽകുന്നുണ്ട്.

ചില ഉദാഹരണങ്ങൾ കൊണ്ട് ഇത് വ്യക്തമാക്കാം.

ബൈബിൾ കോളേജിൽ പഠിക്കാനെത്തുന്ന പെൺകുട്ടികളെ ടി.എസ്.ഏബ്രഹാം തന്റെ ദുഷ്ക്കാമത്തിന് ഇരയാക്കുന്നു. ഇതിൽ ഇടപെടാനും ഇതിനെ വിമർശിക്കാനും ഡിഫെൻഡറിന് അവകാശമുണ്ടോ?

1. ഇത് പൊതുപ്രാധാന്യമുള്ള വിഷയമാണോ? അതെ. ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സംഘടനയെന്ന് പറയപ്പെടുന്ന ഐ.പി.സിയുടെ ഏറ്റവും വലിയ നേതാവാണ് ടി.എസ്.ഏബ്രഹാം. ദുർന്നടപ്പിന്റെ ശ്രുതി പോലും ഉണ്ടാകാതെ ജീവിതം സൂക്ഷിക്കുവാൻ കടപ്പെട്ടവനാണ് ഈ മനുഷ്യൻ. അത്തരത്തിലുള്ള ഒരാൾ തന്റെ അധികാരവും പദവിയും ദുർവ്വിനിയോഗം ചെയ്തുകൊണ്ട് വ്യഭിചാരം/ബലാൽസംഗം നടത്തുന്നു. ഇത് പൊതുപ്രാധാന്യമുള്ള വിഷയം തന്നെ.

2. ഇത് സത്യമാണോ? അതെ. അല്ലെന്ന് ടി.എസ്.ഏബ്രഹാമോ ടി.എസ്.ഏബ്രഹാമിനെ നന്നായി അറിയാവുന്നവരോ പറയുകയില്ല. ഐ.പി.സിയുടെ ഇപ്പോഴത്തെ പ്രസിഡന്റായ കെ.സി.ജോൺ തന്നെ ഈ വിവരം വിശദമായി ഡിഫെൻഡറിനെ അറിയിച്ചിട്ടുള്ളതുമാണ്.

3. ഉത്തമ വിശ്വാസത്തോടെയാണോ ഈ വിമർശനം നടത്തുന്നത്? അതെ. ഈ തെറ്റ് തിരുത്താൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ടി.എസ്.ഏബ്രഹാം പ്രതികരിക്കാൻ തയ്യാറാകാതെ വന്നപ്പോൾ മറ്റൊരു പോംവഴിയും കാണാതെ വിമർശിക്കയാണ്. ഐ.പിസിയുടെ പരമോന്നത നേതാവ് ദുർന്നടപ്പുകാരനായിരിക്കരുത്.

ഇനി കെ.സി.ജോണിന്റെ കാര്യം എടുക്കാം. കെ.സി. ജോൺ അമ്മായിയമ്മയെ ഭാര്യയാക്കുകയോ നാടുനീളെ വ്യഭിചരിക്കുകയോ കള്ളകമ്പനിയുണ്ടാക്കി ജനവഞ്ചന നടത്തുകയോ ഒക്കെ ചെയ്തതുകൊണ്ട് ഡിഫെൻഡറിന് ഒരു നഷ്ടവുമില്ല. പക്ഷേ ഇയാൾ ഐ.പി.സിയുടെ പ്രസിഡന്റാണ്. ആ പദവിയിൽ ഇരിക്കുന്ന ആൾ ഇങ്ങനെയൊക്കെ അനേകായിരങ്ങളെ ബാധിക്കുന്ന പൊതുപ്രശ്നമാണ്. ഇയാൾ ഇങ്ങനെയൊക്കെ ചെയ്യുന്നുണ്ട് എന്നത് നിഷേധിക്കാനാവാത്ത സത്യവുമാണ്. പൊതുപ്രാധാന്യമുള്ളതും സത്യവുമായ ഈ വിഷയം ഉത്തമ വിശ്വാസത്തോടെ എഴുതാനുള്ള അവകാശം ഡിഫെൻഡറിന് ഇന്ത്യയിലെ നിയമം ഉറപ്പുതരുന്നുണ്ട്.

സുരേഷ് ബാബു, സാമച്ചൻ തുടങ്ങിയ കള്ളൻമാരേക്കുറിച്ച് ഡിഫെൻഡർ എഴുതുന്നതും ഈ കാരണത്താലാണ്. സുവിശേഷകരുടെ വേഷത്തിൽ നടന്ന് ഈ കള്ളൻമാർ ജനവഞ്ചന നടത്തുകയാണ്. ഇവർക്കെതിരെ എഴുതി പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് കൊടുക്കാനുള്ള അവകാശം ഡിഫെൻഡറിനുണ്ട്.

പൊതുപ്രാധാന്യമില്ലാത്ത ഒരു വിഷയവും ഡിഫെൻഡർ നാളിതുവരെ എഴുതിയിട്ടില്ല. സത്യസന്ധമായ കാര്യങ്ങൾ മാത്രമേ എഴുതിയിട്ടുള്ളൂ. എല്ലാവിധ അന്വേഷണങ്ങളും നടത്തിയ ശേഷം ഉത്തമ വിശ്വാസത്തോടെ മാത്രമേ വിമർശനം നടത്തിയിട്ടുള്ളൂ. ഈ വിധത്തിലുള്ള വിമർശനം നടത്താൻ ഡിഫെൻഡറിന് അധികാരം തന്നത് ഈ രാജ്യത്തെ നിയമമാണ്. നിയമപരിജ്ഞാനമില്ലാത്തവരാണ് ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നത്.

ഡിഫെൻഡർ ലോക പോലീസാണോ എന്നതാണ് മറ്റൊരു പ്രശ്നം. അല്ലേ അല്ല. ഡിഫെൻഡർ പോലീസല്ല പത്രമാണ്. പത്രധർമ്മം എന്ത് എന്ന് ഡിഫെൻഡറിനറിയാം. റ്റി.എസ്. ബാലൻ എന്ന ഈയുള്ളവന് പത്രപ്രവർത്തനത്തിൽ ഫസ്റ്റ് ക്ലാസ്സ് എം.എ. ബിരുദവുമുണ്ട്. പൊതുപ്രാധാന്യമുള്ള വിഷയങ്ങൾക്കെതിരെ പത്രങ്ങൾ പ്രതികരിക്കും.

ഇന്ത്യയിലെ അദ്യത്തെ പത്രമായ ബംഗാൾ ഗസറ്റിന്റെ മുഖ്യ പരിപാടി വിമർശനമായിരുന്നു. ഗവർണ്ണർ ജനറലിനെ വരെ വിമർശിച്ചു. സർക്കാർ സകല ശക്തിയും ഉപയോഗിച്ച് പത്രത്തിനെതിരെ നടപടി എടുത്തു. അങ്ങനെ രണ്ടു വർഷം കൊണ്ട് പത്രം പൂട്ടിക്കെട്ടി. പത്രാധിപർ ജയിലിലുമായി.

കേരളത്തിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെയാണ് പത്രപ്രവർത്തനത്തിന്റെ പ്രതീകമായി കണക്കാക്കുന്നത്. ദിവാൻ ഉൾപ്പെടെയുള്ളവരെ അദ്ദേഹം കഠിനമായി വിമർശിച്ചു. ദിവാനായ രാജഗോപാലാചാരിയെ ജാരഗോപാലാചാരി എന്നുവരെ വിളിച്ചു. അക്കാലത്തെ ഭൂരിപക്ഷം മലയാള പത്രങ്ങളും രാമകൃഷ്ണപിള്ളയ്ക്ക് എതിരായ നിലപാടെടുത്തു. അദ്ദേഹത്തെ നാടു കടത്തിയപ്പോൾ സർക്കാരിനെ അഭിനന്ദിച്ച് എഡിറ്റോറിയൽ എഴുതി.

പത്രപ്രവർത്തനത്തിന്റെ അവിഭാജ്യ ഘടകമാണ് വിമർശനം. പൊതുപ്രാധാന്യമുള്ള വിഷയങ്ങൾ പത്രങ്ങളുടെ വിമർശനത്തിന് വിധേയമാകും. നിയമാനുസൃതമുള്ള രജിസ്ട്രേഷനോടെ നടത്തുന്ന പത്രമാണ് ഡിഫെൻഡർ. അതുകൊണ്ട് ഡിഫെൻഡർ വിമർശിക്കും. ലോകപോലീസിനേ വിമർശനം നടത്താൻ ആധികാരമുള്ളൂ എന്ന ധാരണ തിരുത്തുക.

# ദൈവത്തിന്റെ വിശ്വാസം....?

വിശ്വാസത്തെക്കുറിച്ചുള്ള നമ്മുടെ ആശയ രൂപീകരണത്തിന് ദൈവസ്വഭാവത്തെ സംബന്ധിച്ച ശരിയായ ധാരണ ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. തിയോളജി (ദൈവശാസ്ത്രം) എന്ന വാക്ക് തിയോസ് എന്നും ലോഗോസ് എന്നും ഉള്ള രണ്ടു ഗ്രീക്കു പദങ്ങളിൽ നിന്ന് രൂപപ്പെടുത്തിയിട്ടുള്ളതാണ്. തിയോസ് എന്നതിന് ദൈവം എന്നാണർത്ഥം. ലോഗോസ് എന്നതിന് വചനം അഥവാ സംഭാഷണം, വ്യാഖ്യാനം എന്നൊക്കെ അർത്ഥമുണ്ട്. അപ്പോൾ തിയോളജി എന്നതിനെ ദൈവത്തെക്കുറിച്ചുള്ള വ്യാഖ്യാനം എന്നു പറയാം.

ക്രിസ്തീയ ദൈവശാസ്ത്രം അനുസരിച്ച് ദൈവം അഖിലാണ്ഡത്തിന്റെ പരമാധികാരിയാണ്. മാത്രമല്ല ജ്ഞാന സമ്പൂർണ്ണനും സ്വയം സ്ഥിതനും സർവ്വ ശക്തനും സർവ്വ വ്യാപിയും ആയ ആത്മ രൂപനും ആണ്.

എന്നാൽ കൾട്ടികൾക്ക് വിശ്വാസ ദൈവശാസ്ത്രം അനുസരിച്ചുള്ള ദൈവം ഇങ്ങനെ ഒരുവൻ അല്ല. അവരുടെ വരണ്ട ആശയങ്ങളിൽ ദൈവത്തെ വെറും ഒരു വിശ്വാസ ജീവിയായും മനുഷ്യനെ പരമാധികാരി ആയും ചിത്രീകരിക്കുന്നു. തന്റെ സൃഷ്ടിയുടെ താളത്തിന് ഒത്തു തുള്ളുന്ന ഒരു കളിപ്പാവയായിട്ടാണ് ദൈവത്തെ അവർ വരച്ചു കാണിക്കുന്നത്. വിശ്വാസ പ്രസ്ഥാനക്കാരുടെ ദൈവത്തിന് പൊക്കമുണ്ട്, തൂക്കമുണ്ട്. മാത്രമല്ല ആത്മലോക നിയമങ്ങൾക്കു വിധേയനും വിശ്വാസത്തിൽ ആശ്രയിക്കുന്നവനും ആണ് അദ്ദേഹം. ഒരു പരാജയം എന്ന് അദ്ദേഹത്തെ അവർ വിശേഷിപ്പിക്കുന്നു. ഈ ദൈവം സർവ്വശക്തനല്ല, ബലഹീനനാണ്. സർവ്വ വ്യാപിയും സർവ്വ ജ്ഞാനിയും അല്ല ചില പരിമിതികൾക്കുള്ളിൽ ഒതുങ്ങി നില്ക്കുന്നവനാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ വിശ്വാസ പ്രസ്ഥാനക്കാരുടെ ദൈവം വിശുദ്ധ ബൈബിൾ വെളിപ്പെടുത്തുന്ന ദൈവമല്ല.

സർവ്വ ശക്തനും സർവ്വ ജ്ഞാനിയും എന്ന പദവിയിൽ നിന്ന് വിശ്വാസ പ്രസ്ഥാനക്കാർ എങ്ങനെയാണ് ദൈവത്തെ തരം താഴ്ത്തുന്നത് എന്നറിയാമോ? വികലമായ തങ്ങളുടെ ദൈവശാസ്ത്രത്തിലൂടെ മറ്റുള്ളവരെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണ് അവർ അതു ചെയ്യുന്നത്. മർക്കോസ് 11:22, എബ്രായർ 11:3 എന്നീ വേദഭാഗങ്ങൾ അതിനായി അവർ വീണ്ടും വീണ്ടും ഉദ്ധരിക്കുന്നു.

നിങ്ങൾ പ്രസിദ്ധ കുറ്റാന്വേഷണ വിദഗ്ദ്ധനായ ഷെർലക് ഹോംസ് ആണെന്നു സങ്കല്പിക്കുക. ദൈവത്തിന് വിശ്വാസം ഉണ്ട് എന്നും ദൈവം ഒരു വിശ്വാസ ജീവി ആണെന്നും മർക്കോസ് 11:22 തെളിയിക്കുന്നു എന്ന് അനേക ലക്ഷങ്ങളെ വിശ്വാസ പ്രസ്ഥാനക്കാർ എങ്ങനെ തെറ്റിദ്ധരിപ്പിക്കുന്നു എന്ന സമസ്യയെക്കുറിച്ച് അന്വേഷിച്ചു കണ്ടു പിടിക്കുവാൻ നിങ്ങളെ നിയോഗിച്ചു എന്നും കരുതുക.

പ്രശ്നത്തിന്റെ വിവിധ വശങ്ങൾ പരിശോധിച്ചശേഷം, വിശ്വാസ പ്രസ്ഥാനത്തിന്റെ മുഖ്യ പ്രചാരകൻ എന്ന് ടൈം മാസിക വിശേഷിപ്പിക്കുന്ന കെന്നത്ത് കോപ്ലാന്റിനെ സമീപിക്കുവാൻ നിങ്ങൾ തീരുമാനിക്കുന്നു. ചെന്ന ഉടനെ മുഖവുര ഒന്നും കൂടാതെ നിങ്ങൾ കാര്യത്തിലേക്ക് കടക്കുന്നു. ദൈവം ഒരുവിശ്വാസജീവി ആണെന്ന് മർക്കോസ് 11:22 അനുസരിച്ച് എങ്ങനെ നിസ്സംശയം തെളിയിക്കുവാൻ കഴിയും എന്ന നിങ്ങളുടെ ചോദ്യത്തിന് അത് വളരെ നിസ്സാരമാണ് എന്ന് അദ്ദേഹം മറുപടി പറയുന്നു. തുടർന്ന് താൻ തന്നെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കെന്നത്ത് കോപ്ലാന്റ് റഫറൻസ് ബൈബിൾ എടുത്ത് മർക്കോസ് 11:22 അധികാരസ്വരത്തിൽ വായിക്കുന്നു. “യേശു അവരോട് ഉത്തരം പറഞ്ഞത്, ദൈവത്തിൽ വിശ്വാസം ഉള്ളവർ ആയിരിപ്പിൻ.” വേദഭാഗത്തു നിന്നും ദൃഷ്ടിമാറ്റിയിട്ട് വിജയ ഭാവത്തിൽ അദ്ദേഹം പറയുന്നു: “ദൈവത്തിന് വിശ്വാസം ഉണ്ട് എന്നുള്ളതിന് അനിഷേധ്യമായ തെളിവാണിത്.”

കോപ്ലാന്റിന്റെ പ്രസ്താവനയിൽ വിശ്വാസം വരാത്ത നിങ്ങൾ “ദൈവത്തിൽ വിശ്വാസം ഉള്ളവരായിരിപ്പിൻ എന്നത് ദൈവത്തിനു വിശ്വാസം ഉണ്ട് എന്ന് എങ്ങനെ വ്യാഖ്യാനിക്കുവാൻ കഴിയും” എന്ന് അദ്ദേഹത്തോടു ചോദിക്കുന്നു.

ഈ ചോദ്യത്തിന് ഉത്തരമായി തന്റെ ബൈബിളിൽ താൻ തന്നെ ചേർത്തിട്ടുള്ള ഒരു അടിക്കുറിപ്പിലേക്ക് നിങ്ങളുടെ ശ്രദ്ധ അദ്ദേഹം ക്ഷണിക്കുന്നു: “അല്ലെങ്കിൽ ദൈവത്തിന്റെ വിശ്വാസം ഉണ്ടായിരിക്കുക” എന്നാണ് ആ കുറിപ്പ്. എന്നിട്ട് അദ്ദേഹം ചോദിക്കുന്നു, “ഇപ്പോൾ മനസ്സിലായോ?” “എനിക്കു മനസ്സിലാകുന്നില്ല” എന്നു നിങ്ങൾ മറുപടി പറയുന്നു. “എന്റെ വാക്കുകൾ നിങ്ങൾ വിശ്വസിക്കണമെന്നില്ല” എന്നു പറഞ്ഞുകൊണ്ട് ഇന്നു ജീവിച്ചിരിക്കുന്ന അഭിഷിക്തന്മാരായ ചിലരുടെ എഴുത്തുകൾ ശ്രദ്ധിക്കുവാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. അതിനു ശേഷം ദൈവത്തിനു വിശ്വാസം ഉണ്ട് എന്ന് അനിഷേദ്ധ്യമായി തെളിയിക്കുന്ന ചില പുസ്തകങ്ങളുടെ പേരുകൾ എഴുതി നിങ്ങൾക്കു തരുന്നു.

തിരിച്ചു വരുന്ന വഴി ക്രിസ്തീയ പുസ്തകങ്ങൾ വിൽക്കുന്ന ഒരു കടയിൽ കയറി കോപ്ലാന്റ് നൽകിയ ലിസ്റ്റിൽ ഉള്ള പുസ്തകങ്ങൾ ഉണ്ടോ എന്നു നോക്കിയ നിങ്ങൾ ദൈവത്തിന്റെ ക്രിയാത്മകശക്തി (God’s creative power) എന്ന പേരിൽ ചാൾസ് ക്യാപ്സ് എഴുതിയ പുസ്തകം കണ്ടെത്തുന്നു. ആ പുസ്തകത്തിന്റെ രണ്ടു പേജുകൾ വായിച്ചപ്പോഴേക്കും തേടിയ വള്ളി കാലിൽ ചുറ്റി എന്നതുപോലെ ഒരു വാചകം കണ്ടെത്തുന്നു. അത് ഇപ്രകാരമാണ്. മർക്കോസ് 11:22ന്റെ അക്ഷരാർത്ഥത്തിൽ ഉള്ള വിവർത്തനം ദൈവത്തിന്റേതുപോലെയുള്ള വിശ്വാസം അഥവാ ദൈവത്തിന്റെ വിശ്വാസം ഉണ്ടായിരിക്കുക എന്നാണ്. ദൈവം ഒരു വിശ്വാസ ജീവിയാണ്.



ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകത്തിൽ നിന്ന് എടുത്തതാണ് ഈ ലേഖനം.

അടുത്തതായി നിങ്ങൾക്കു ലഭിച്ചത് ഫ്രെഡറിക് കെ.സി. പ്രൈസ് എഴുതിയ വിശ്വാസം എങ്ങനെ പ്രവർത്തിക്കുന്നു എന്ന പുസ്തകമാണ്. യഥാർത്ഥ ഗ്രീക്കു രചനയോടു ബന്ധപ്പെടുത്തി കോപ്ലാന്റും ചാൾസ് ക്യാപ്പും പറയുന്നത് സത്യം ആണെന്ന് ഈ പുസ്തകം സമർത്ഥിക്കുന്നു. ഒടുവിൽ കോപ്ലാന്റ് നൽകിയ പട്ടികയിലെ അവസാന പുസ്തകമായ കെന്നത്ത് ഹാഗിൻ എഴുതിയ ബൈബിൾ വിശ്വാസ പഠന കോഴ്സ് എന്ന പുസ്തകവും നിങ്ങൾ പരിശോധിക്കുന്നു. ദൈവത്തിന് വിശ്വാസം ഉണ്ട് എന്നു അംഗീകരിക്കുക മാത്രമല്ല ഗ്രീക്കു പണ്ഡിതന്മാർ അങ്ങനെയാണ് പഠിപ്പിക്കുന്നത് എന്നും ഹാഗിൻ ചൂണ്ടിക്കാണിക്കുന്നു.

ഇതു വളരെ രസകരമായിരിക്കുന്നല്ലോ എന്ന ചിന്ത നിങ്ങളിൽ ഉണ്ടാകുന്നു. കഴിഞ്ഞ അരായിരം വർഷങ്ങളായി യഥാസ്ഥിതിക ക്രിസ്തീയ പണ്ഡിതന്മാരുടെ ശ്രദ്ധയിൽ പെടാതിരുന്ന ഒരു സത്യം ഇവർക്കു വെളിപ്പെട്ടുകിട്ടിയല്ലോ എന്ന് നിങ്ങൾ ചിന്തിക്കുവാൻ തുടങ്ങുന്നു.

ഈ ചിന്തയുമായി വീട്ടിലേക്കു മടങ്ങുന്ന നിങ്ങൾക്ക് ഗ്രീക്കു ചിന്തകന്മാർ ഈ വിഷയത്തെക്കുറിച്ച് എന്തു പറയുന്നു എന്ന് അറിയുവാൻ ഒരു ലൈബ്രറിയിലോ സെമിനാരിയിലോ കയറി പരിശോധിക്കണം എന്നു തോന്നുന്നു. എങ്കിലും അതു വേണ്ട എന്നു ഒടുവിൽ തീരുമാനിക്കുന്നു. കാരണം വിവേകശാലിയായ ഒരുവനും യഥാർത്ഥത്തിൽ പണ്ഡിതന്മാർ അങ്ങനെ പറയുന്നില്ല എങ്കിൽ ഒരു വ്യാജ അവകാശവാദം ഉന്നയിച്ച് തന്നെത്തന്നെ അവഹേളനപാത്രമാക്കുവാൻ തുനിയുകയില്ല. അങ്ങനെ ചെയ്താൽ അതു ധാർഷ്ട്യ പൂർണ്ണവും നിർലജ്ജവും ആയ ഒരു പ്രവൃത്തി ആയിരിക്കും. ആരും അതിന് മുതിരും എന്നു കരുതാനാവില്ല.

ഇപ്രകാരം ചിന്തിച്ചു എങ്കിലും നിങ്ങളുടെ തീരുമാനം മാറ്റി ഒരു ലൈബ്രറിയിൽ എത്തിയ നിങ്ങൾ ഗ്രീക്കിൽ നിന്ന് ഇംഗ്ലീഷിലേക്കുള്ള പുതിയ നിയമം എടുത്ത് മർക്കോസ് 11:22 വായിക്കുന്നു. മൂലഭാഷയിൽ അത് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു: “eck-kete pis- tin thay-u”. എക്കറ്റേ എന്നതിന്റെ അർത്ഥം ഉണ്ടായിരിക്കുക എന്നും പിസ്റ്റിൻ എന്നതിന് വിശ്വാസം എന്നും തായൂ എന്നതിന് ദൈവത്തിന്റെ എന്നും ആണ് അർത്ഥം എന്നു കണ്ടെത്തുന്നു. ഇതോടെ വിശ്വാസ പ്രസ്ഥാനക്കാർ പറയുന്നത് ആണല്ലോ ശരി എന്ന് നിങ്ങൾക്കു തോന്നുന്നു. പക്ഷെ അങ്ങനെ എങ്കിൽ എന്തുകൊണ്ട് എല്ലാ പ്രധാന ഇംഗ്ലീഷ് പരിഭാഷകളിൽ ദൈവത്തിന്റെ വിശ്വാസം എന്നു പറയാതെ ദൈവത്തിൽ വിശ്വസിക്കുക എന്നു പറഞ്ഞിരിക്കുന്നു എന്ന സംശയം നിങ്ങൾക്ക് ഉണ്ടാകുന്നു.

ആകെ ആശയക്കുഴപ്പത്തിലായ നിങ്ങൾ സ്വയ പരിമിതികളെക്കുറിച്ച് ബോദ്ധ്യം ഉള്ളതുകൊണ്ട് പണ്ഡിതന്മാരുടെ അഭിപ്രായം തേടുവാൻ തീരുമാനിക്കുന്നു. ഗ്രീക്കു വ്യാകരണത്തിന്റെ അവസാന വാക്കെന്ന് ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഏ.റ്റി. റോബർട്ട്സണിന്റെ കൃതികളിൽ നിന്ന് ആരംഭിക്കാം എന്ന് നിങ്ങൾ തീരുമാനിക്കുന്നു. ഗ്രീക്കു വ്യാകരണം മനസ്സിലാക്കുന്നത് ശ്രമകരമായി അനുഭവപ്പെട്ടു എങ്കിലും വേർഡ് പിക്ച്ചേഴ്സ് ഇൻ ന്യൂ ടെസ്റ്റാമെന്റ് എന്ന താരതമ്യേന എളുപ്പമായ പുസ്തകം നിങ്ങൾ പരിശോധിക്കുന്നു.

ഈ പുസ്തകത്തിൽ അതിന്റെ 361-ാം പേജിന്റെ മദ്ധ്യ ഭാഗത്ത് നിങ്ങൾ അത് കണ്ടെത്തുന്നു. എക്കറ്റേ പിസ്റ്റിൻ തായൂ എന്നത് ദൈവത്തിൽ വിശ്വാസം ഉണ്ടായിരിക്കുക എന്നാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത് എന്ന് റോബർട്ട്സൺ അവിടെ വ്യക്തമാക്കുന്നു. തായൂ (Theou) എന്നത് ഒരു ഒബ്ജക്ടീവ് ജനിറ്റീവ് ആയതുകൊണ്ട് അതാണ് അതിന്റെ ശരിയായ ഭാഷാന്തരം എന്ന് അദ്ദേഹം വിശദീകരിക്കുന്നു.

ഇതോടെ നിങ്ങൾ അധികം വിഷമത്തിലായി. കാരണം ഒബ്ജക്ടീവ് ജനിറ്റീവ് എന്താണെന്ന് നിങ്ങൾക്ക് ഒരു പിടിയുമില്ല. എങ്കിലും അന്വേഷണം തുടർന്ന നിങ്ങൾ റോബർട്ട്സൺന്റെ തന്നെ “എ ന്യൂ ഷോർട്ട് ഗ്രാമർ ഓഫ് ദ ഗ്രീക്ക് ടെസ്റ്റാമെന്റ്” എന്ന മറ്റൊരു പുസ്തകം കണ്ടെത്തുന്നു. 227-ാം പേജിൽ സബ്ജക്ടീവ് ജനറ്റീവ് എന്നും ഒബ്ജക്ടീവ് ജനിറ്റീവ് എന്നും ഉള്ള പ്രയോഗങ്ങൾ കൊണ്ടു താൻ എന്താണ് അർത്ഥമാക്കുന്നത് എന്ന് അദ്ദേഹം വിശദീകരിക്കുന്നു. മർക്കോസ് 11:22 തന്നെ ഇക്കാര്യം വ്യക്തമാക്കുവാൻ അവിടെ അദ്ദേഹം ഉപയോഗിച്ചിരിക്കുന്നതായി കാണുന്നു.

ഒബ്ജക്ടീവ് ജനിറ്റിവ് എന്നതുകൊണ്ട് താൻ ഉദ്ദേശിക്കുന്നത് ഒരു നാമം ക്രിയയുടെ ലക്ഷ്യം (ഉദ്ദേശ്യം) ആകുന്നതിനെയാണ് എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. അതായത് മർക്കോസ് 11:22ൽ തായൂ എന്ന വിശ്വാസത്തിന്റെ (ക്രിയ) ലക്ഷ്യം (Object) എന്നത് ദൈവം ആണ്. ഇതനുസരിച്ച് ദൈവത്തിൽ വിശ്വാസം ഉണ്ടായിരിക്കുക എന്നതാണ് ശരിയായ പരിഭാഷ എന്നു നിങ്ങൾ കണ്ടെത്തുന്നു.

വിശ്വാസ പ്രസ്ഥാനക്കാരുടെ വിവർത്തനം ശരിയാകണമെങ്കിൽ അവിടെ ഒരു സബ്ജക്ടീവ് ജനിറ്റീവ് ആണ് വരേണ്ടത്. അങ്ങനെയുള്ള പ്രയോഗത്തിൽ ദൈവം ആയിരിക്കും ആ വാക്യത്തിലെ കർത്താവ്. അങ്ങനെയെങ്കിൽ ദൈവത്തിന്റെ വിശ്വാസം

(പേജ് ......7)

## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു. www.yourname.com എന്ന വിലാസം. you@yourname.com എന്ന ഈമെയിൽ. ഒരു ഹോം പേജ്

ആകെ ചെലവ്: 1500 രൂപ മാത്രം. ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356. മൊബൈൽ: 94474 14608

# നിതാന്ത വന്ദ്യ ദിവ്യ ശ്രീമാൻമാർ

പി. ഐ. ഏബ്രഹാം (കാനം)

പട്ടത്വസഭകൾ മാത്രമല്ല വേർപ്പെട്ട സഭകളും പല കാര്യങ്ങളിൽ പാളിപ്പോകുന്നു. ചരിത്രം ഞാൻ മറക്കുന്നില്ല. അതിൽ ദുഃഖമുണ്ടെങ്കിലും അത്ഭുതമില്ല. കാരണം, അന്ത്യനാളിൽ വിശ്വാസത്യാഗം ഒരു മുഖമുദ്രയാണ്. ആരു പിൻമാറിയാലും ദൈവം പിന്മാറുന്നില്ല. തന്റെ പ്രമാണത്തിനു മാറ്റവുമില്ല. ഇയ്യോബ് മനുഷ്യരെ നോക്കിയിരുന്നെങ്കിൽ, തന്റെ ഭാര്യയും സ്നേഹിതരും തെറ്റിയപ്പോൾ തനിക്കും തെറ്റാമായിരുന്നു. എന്നാൽ ദൈവത്തെ മാത്രം നോക്കിയതുകൊണ്ടു താൻ നിലനിന്നു.

ജീവരക്ഷയ്ക്കായി മാളങ്ങളിലെന്നപോലെ ഒളിച്ചു പാർത്ത ദാവീദ് ശത്രുക്കളൊടുങ്ങി മാളിത്തട്ടിൽ രാജാവായിക്കയറി. പ്രാർത്ഥിക്കാനുള്ള സമയം ഉലാത്തുവാൻ തുടങ്ങി. അന്നാണു ഗതികേടു സംഭവിച്ചത്. വിശപ്പടക്കാൻ ഗതിയില്ലാതെ, സത്യവിശ്വാസത്തിനായി ഇറങ്ങിത്തിരച്ച അനേകം ഭക്തന്മാർക്ക് പശി മാറി, ധനമേറി, മാളികത്തട്ടായി. ഇപ്പോഴാണ് അവരിൽപ്പലരും തങ്ങളെയുയർത്തിയ ദൈവത്തെ മാറുന്നു ലോകമയത്വത്തിലേക്കു നീങ്ങുന്നത്. കർത്താവിനെ വെറും യേശുവെന്നും അപ്പോസ്തലനെ കേവലം പൗലോസെന്നും പറഞ്ഞിട്ട് അവരെക്കാൾ ആയിരം മടങ്ങു താഴേക്കിടയിൽ കിടക്കുന്നവരെ നിതാന്ത വന്ദ്യ ദിവ്യ ശ്രീ എന്നൊക്കെ വിശേഷിപ്പിക്കുമ്പോൾ എത്ര ഭയങ്കരമായ അന്ധകാരത്തിലാണു നാം തപ്പിത്തടയുന്നതെന്നു ചിന്താശേഷിയുള്ളവർക്കു മാത്രം മനസ്സിലാകും.

ഒരിക്കൽ, പെന്തെക്കോസ്തു ശബ്ദത്തെവരെ അടിമുടി വെറുത്ത കത്തോലിക്കാസഭ ഇന്നു കരിസ്മാറ്റിക് പദത്തെയും പ്രസ്ഥാനത്തെയും പ്രവർത്തകരെയും അനുമോദിക്കുന്നു. പരിശുദ്ധാത്മാവെന്നു പറയാതെ കൃപാവരമെന്നർത്ഥമുള്ള 'കരിസ്മ'യെന്ന പദത്തെ ഉയർത്തിപ്പിടിക്കാൻ കാരണമെന്താണ്? യേശു പറഞ്ഞത് "ഞാൻ പരിശുദ്ധാത്മാവിനെ അയയ്ക്കും, അവൻ ദൈവികസത്യങ്ങളിൽ നിങ്ങളെ നടത്തും" എന്നാണ്. പരിശുദ്ധാത്മാവിനെ സ്വീകരിച്ചാൽ ബൈബിളിലെ ദൈവികസത്യങ്ങൾ (മാനസ്സാന്തരം, മുഴുകൽ മുതലായവ) സ്വീകരിക്കേണ്ടിവരും. അതു ചിലവുള്ള കാര്യമാണ്.

പട്ടത്വസഭകളിൽ, വൈദികരെ പൊതുവെ വൈദികരെന്നു പറയുമെങ്കിലും കാര്യത്തോടടുക്കുമ്പോൾ അവർ പരസ്പരം ബഹുമാനിക്കാറില്ല. മുടക്കപ്പെട്ട മെത്രാൻ, ചുമ്മാ മെത്രാൻ എന്നൊക്കെ വിളിക്കും. എന്നാൽ, പെന്തെക്കോസ്തുക്കാരെയും മറ്റും എതിർക്കാൻ അവരൊന്നിച്ച് അണിനിരക്കുകയും ചെയ്യും. സ്നേഹം വിടാതെ വായനക്കാർക്കു മുന്നിൽ ഞാനൊരു ചോദ്യമിടാം. നിങ്ങൾ ഗവേഷണം നടത്തി ഉത്തരം കണ്ടെത്തണം. മാർത്തോമ്മാ, സി. എസ്.ഐ. എന്നീ സഭകളിലെ പട്ടക്കാരെ അച്ചന്മാരെന്നു വിളിക്കുന്നു. എന്നാൽ 'അച്ചനെ'ന്ന പദത്തിന്റെ ഇംഗ്ലീഷ് പദമായ "Father' ഉപയോഗിക്കുന്നില്ല. പകരം റവറന്റാണു വയ്ക്കുന്നത്. ഈ വിവേചനത്തിന്റെ യുക്തിയൊന്നു ചോദിച്ചു മനസ്സിലാക്കണം. വിശ്വാസികൾ ഭൂമിയിൽ ആരെയും പിതാവെന്നു വിളിക്കരുതെന്നു കർത്താവാണു പഠിപ്പിച്ചത്. അതുകൊണ്ടാണു പൗലോസും മറ്റും വിശ്വാസികളെ 'സഹോദരന്മാരേ' യെന്നു വിളിച്ചത്. ഇന്നത്തെ പട്ടത്വമേധാവികൾ വിശ്വാസികളെ 'മക്കളേ' യെന്നു വിളിക്കുകയും, അവരിൽനിന്നു 'പിതാവേ'യെന്നു വിളി കേൾക്കുന്നതുമായ ന്യായം വെറും ന്യായമാണെന്നൊന്നു തുറന്നു സമ്മതിക്കുമോ?

റോമാസഭയുടെ മികച്ച രണ്ടു പണ്ഡിതരാണു തോമസ് അകിനാസും കർദ്ദിനാൾ ഗിബ്ബൺസും. അവർ രണ്ടു പേരും തങ്ങളുടെ പുസ്തകത്തിൽ തുറന്നെഴുതിയിട്ടുണ്ട്, ആദ്യകാലങ്ങളിൽ വെള്ളത്തിൽ മുക്കി മാമ്മോദീസാ നടത്തിയിരുന്നെന്നും "ചില സൗകര്യങ്ങൾക്കായി" അത് ഒഴിക്കലും തളിക്കലുമാക്കി മാറ്റിയെന്നും.

സുറിയാനിക്കാരുടെ കാനോനെഴുതിയ വലിയ പണ്ഡിതനാണു ഗ്രീഗോരിയോസ് ബർ എബ്രായ. ആദ്യകാലങ്ങളിൽ ആറ്റിലും കുളത്തിലുമൊക്കെ നടന്നിരുന്ന സ്നാനം മാമ്മോദീസാത്തൊട്ടിയിലേക്കു മാറ്റിയ വിവരം പകലിനെക്കാൾ വെളിച്ചത്തിൽ അദ്ദേഹമെഴുതി വച്ചിട്ടുണ്ട്. യാക്കോബായ, ഓർത്തഡോക്സ് സഹോദരങ്ങൾ ഞാനിപ്പറഞ്ഞതു സത്യമാണോയെന്നൊന്വേഷിക്കണം. സത്യം മറച്ചുവച്ചിട്ടു നാമേതു സ്വർഗ്ഗത്തിലേക്കാണു പോകാൻ പോകുന്നത്?

ക്രിസ്ത്യാനിയുടെ വിവാഹത്തിൽ, മിന്നുകെട്ടു ജാതീയമാണെന്നു ഞങ്ങളാരെങ്കിലും പറഞ്ഞാൽ, സമുദായക്കാരായ സ്നേഹിതന്മാർ ഡിക്ഷ്ണറിയിലില്ലാത്ത പദങ്ങൾകൊണ്ടു ഞങ്ങളെ അപമാനിക്കും. എന്നാൽ, യാക്കോബായ പട്ടക്കാരുടെ കൈയിരിക്കുന്ന വിവാഹകൂദാശയുടെ ഗ്രന്ഥം വാങ്ങി നോക്കണം. ഒരു ഭാഗത്തു ചെറിയ അക്ഷരത്തിലിങ്ങനെ കാണാം. "ഇവിടെ ഇൻഡ്യയിലെ പുരാതന സമ്പ്രദായപ്രകാരം താലികെട്ടുന്നു"വെന്ന്. ലോകത്തിൽ, ക്രൈസ്തവർക്കിടയിൽ, ഇൻഡ്യയിൽ മാത്രമേ മിന്നുകെട്ടുള്ളൂവെന്ന് പാവപ്പെട്ട ജനത്തെ അറിയിച്ചിട്ടുണ്ടോ?

ന്യായപ്രമാണം നിഴലും ക്രിസ്തുവിന്റെ സുവിശേഷം പൊരുളുമാണെന്നു കണ്ണുപൊട്ടനുപോലുമറിയാം. എന്നാൽ, അബിസീനിയ (എത്യോപ്യ) ഓർത്തഡോക്സ് സഭയിൽ കുഞ്ഞുങ്ങളെ സ്നാനത്തോടൊപ്പം പരിച്ഛേദനയും കഴിക്കുന്നുണ്ടെന്ന് എത്ര പേരറിഞ്ഞിട്ടുണ്ട്? നിഴലും പൊരുളും കൂടെ ചേർത്താണോ ക്രിസ്തീയ സഭ? അതുപോലെ, പഴയ നിയമത്തിൽ അഭിഷേകതൈലം കാച്ചുന്ന ക്രമമുണ്ട്. അതു നിഴലും, പുതിയനിമത്തിലേതു (പെന്തെക്കോസ്തിൽ ഉണ്ടായ അനുഭവം) പൊരുളുമാണ്. തൈലത്തിന്റെ പൊരുൾ ഒരനുഭവമായിരിക്കണം. എന്നാൽ, ഓർത്തഡോക്സ്, സുറിയാനി സഭകൾ തൈലമാകുന്ന നിഴലിന്റെ പൊരുൾ വീണ്ടും തൈലമാക്കി മാറ്റുകയാണ്. മൂറോനെന്നാണ് അതിന്റെ പേര്. കുരുമുളകു തുടങ്ങിയ ഘടകങ്ങൾ ചേർത്താണതു കാച്ചുന്നത്.

മരത്തിൽക്കയറിയ ഒരുവൻ താഴെവീണ കഥ കേട്ടിട്ടുണ്ട്. അയാളുടെ അപ്പൻ എന്തോ അന്വേഷിക്കുകയാണ്. വഴിപോക്കൻ ചോദിച്ചു. "എന്താണന്വേഷിക്കുന്നത്?" "ഓ, വിശേഷിച്ചൊന്നുമില്ല"യെന്നു മറുപടി. താഴെ വീണയാൾ അവിടെക്കിടപ്പുണ്ട്. പിന്നെയെന്താണു നോക്കി നടക്കുന്നതെന്നു ചോദിച്ചപ്പോൾ ആ പിതാവ് വീണ്ടും ഉദാസീനനായി പറഞ്ഞത്രെ "ഓ വിശേഷിച്ചൊന്നുമില്ല. വീണയാളിന്റെ തല കാണുന്നില്ല-അത്രേയുള്ളൂ". ഇതുപോലൊരു പറ്റാണു ക്രിസ്ത്യാനിത്വത്തിനു പറ്റിയത്. ജാതികളുടെ അധിപതികൾ അവരിൽ അധികാരവും കർത്തൃത്വവും ചെയ്യുന്നു; നിങ്ങളങ്ങനെ ചെയ്യരുത്. നിങ്ങൾ പിതാക്കന്മാരെന്ന പേരെടുക്കരുത്, നിങ്ങൾ സഹോദരങ്ങളാണു എന്നു ശക്തിയായി കല്പിക്കുകയും മേൽവസ്ത്രം ഉരിഞ്ഞുമാറ്റി ഏഴകളായ ശിഷ്യരുടെ ബലഹീനപാദങ്ങൾ തൃക്കരങ്ങളാൽ കഴുകിത്തുടയ്ക്കുകയും ചെയ്ത നാഥനെയും അവന്റെ വചനങ്ങളെയും ഭയങ്കരമായി മറന്നു. അതിനു കടക വിരുദ്ധമായി അവൻ വിലക്കിയതു തന്നെ ചെയ്തുപോരുകയും ചെയ്യുന്നു.

സുവിശേഷം മതി, ഉപദേശം നോക്കേണ്ടായെന്നു പറയുന്നവരുണ്ട്. ഇവ തമ്മിൽ തിരിക്കുന്ന അതിർത്തിരേഖ ഏതെന്നറിയുന്നില്ല. രാജാവു ചെറുതു കല്പിച്ചാലും വലുതു കല്പിച്ചാലും ആ കല്പന വലുതു തന്നെയാണ്. പ്രജ അനുസരിക്കണം രാജാധിരാജനായ ദൈവത്തിന്റെ കല്പന തരംതിരിക്കുന്നത് വിനാശകരമാണ്.

ഞാൻ അംഗമായിരുന്ന യാക്കോബായ ഓർത്തഡോക്സ് സുറിയാനി സഭയെപ്പറ്റി, കൊച്ചു പ്രായത്തിൽ എനിക്കു വലിയ അഭിമാനമായിരുന്നു. എന്നാൽ, വചനസത്യം പഠിച്ചുവന്നപ്പോൾ എന്റെ മനഃസാക്ഷി വേദനപ്പെട്ടു. ദൈവവചനം മനുഷ്യൻ വ്യത്യാസപ്പെടുത്തുന്നതു ഞാൻ തിരിച്ചറിഞ്ഞു. "കൃപലഭിച്ചവളേ"യെന്നു ദൂതൻ പറഞ്ഞതു "നന്മനിറഞ്ഞവളേ"യെന്നാക്കിയപ്പോൾ പകലിനെ രാത്രിയാക്കി. "ഞാൻ കർത്താവിന്റെ ദാസി"യെന്നു മറിയ പറഞ്ഞപ്പോൾ, അവളെ ദൈവത്തിന്റെ അമ്മയും ആകാശരാജ്ഞിയും ത്രിലോക റാണിയുമൊക്കെയാക്കി മാറ്റി. നാമെന്താണു ചെയ്യുന്നതെന്ന് ഒരിക്കലെങ്കിലും ചിന്തിക്കാറുണ്ടോ?

പട്ടക്കാരൻ അപ്പവീഞ്ഞുകൾ വച്ച് ആധികാരിക വാക്കുകളുച്ചരിക്കുമ്പോൾ അതു ശരീരവും രക്തവുമായി മാറുന്നുവെന്ന് ഇന്നു നമ്മുടെ പ്രിയപ്പെട്ടവർ തറപ്പിച്ചു വാദിക്കുന്നു. പദാർത്ഥം മാറ്റുന്നുവെന്ന് അവർ അവകാശപ്പെടുന്നു. അപ്പം മാംസക്കഷണമായി മാറിയാൽ മാംസത്തിന്റെ നിറം, മണം, രുചി ഇവയൊക്കെയനുഭവപ്പെടേണ്ടതല്ലേ? കുർബ്ബാനയിലിതൊന്നുമില്ലാത്ത നിലയ്ക്ക് പദാർത്ഥത്തിനു മാറ്റമുണ്ടാകുന്നില്ല. ആത്മീയസാന്നിദ്ധ്യമുണ്ടാകുന്നെന്നു പറയാമെന്നതല്ലേ സത്യം? ഈ സത്യത്തെ മറന്നിട്ട്, ഒരു തത്ത്വത്തിലും യോജിക്കാത്ത സിദ്ധാന്തങ്ങൾ പഠിപ്പിച്ചാലെങ്ങനെ ആമേൻ പറയും? യേശു കൈയിലെടുത്ത അപ്പം ശരീരമായി മാറിയെങ്കിൽ, "രണ്ടു ശരീരങ്ങൾ" അന്ത്യ അത്താഴസമയത്ത് ഉണ്ടായതായി മൂഢനുപോലും മനസ്സിലാകും. ഒന്ന്, തന്റെ ശരീരം; രണ്ട്, താനുണ്ടാക്കിയ ശരീരം. ഇവയിലേതാണു ശരിയായ ശരീരമെന്നു മറുപടി പറയാൻ കഴിവില്ലെങ്കിൽ ഇമ്മാതിരി സിദ്ധാന്തങ്ങൾ പഠിപ്പിക്കാതിരിക്കുന്നതാണു യോഗ്യം.

മൂന്നു കർത്തൃശരീരങ്ങളുണ്ടെന്നു കർത്താവായ യേശുക്രിസ്തു വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. താൻ സ്വർഗ്ഗത്തിൽ നിന്നു വചനരൂപത്തിൽ മറിയാമിൽ വസിച്ചുകൊണ്ടു രൂപപ്പെടുത്തിയ തന്റെ ആളത്വശരീരമാണ് അവയിൽ ഒന്ന്. അതാർക്കും തിന്നാൽ കൊടുക്കുകയില്ല. പഞ്ചമുറിവുകളണിഞ്ഞ് അതു നിത്യമായി തന്നോടൊപ്പമുണ്ടായിരിക്കും. തന്നിൽ വിശ്വസിക്കുന്ന തന്റെ വിശുദ്ധന്മാരാരെ ഒന്നിപ്പിച്ച് സഭയാകുന്ന മാർമ്മികശരീരം താൻ സൃഷ്ടിക്കുന്നു. അതും ഭക്ഷിക്കാൻ ലഭിക്കുകയില്ല. എന്നാൽ, ശിരസ്സും സഭയാം ശരീരവും തമ്മിലുള്ള ബന്ധത്തെ കാണിക്കുന്ന അടയാളശരീരമുണ്ട്. അതാണ് തിരുവത്താഴത്തിലെ അപ്പം. അതു വിശ്വാസികൾക്കു ഭക്ഷിക്കാം. തന്റെ ആളത്വശരീരവും സഭയാം ശരീരവും എന്നുമെന്നുമുണ്ടായിരിക്കും. എന്നാൽ, അടയാളശരീരമായ തിരുമേശ കർത്താവിന്റെ മടങ്ങിവരവോടെയവസാനിക്കും. ഞാൻ 'വരുന്നതുവരെ' എന്നാണല്ലോ അതിന്റെ കാലാവധി.

സത്യത്തിനുവേണ്ടി വേർപെട്ട ആദ്യത്തെ വൈദികനല്ല ഞാൻ. എനിക്കു മുൻപ് എത്രയോ വീരന്മാർ നടന്നുപോയിരിക്കുന്നു! മാർട്ടിൻ ലൂഥർ തുടങ്ങിയ മഹാരഥന്മാർ നമുക്ക് വഴി കാണിക്കുന്നു. യാഥാസ്ഥിക ലോകം നമ്മെ അംഗീകരിച്ചില്ലെങ്കിലും സത്യത്തിന്റെ ദൈവം നമ്മെ മറക്കുകയില്ല. ഞാൻ സ്വപ്നം കാണാത്ത വഴികളിൽക്കൂടി ദൈവം എന്നെ നടത്തി. പ്രവൃത്തികളിൽ അപ്രമാദിത്വമോ പൂർണതയോ ഒരിക്കലും എനിക്ക് അവകാശപ്പെടാനില്ല. എന്നാൽ, സത്യദൈവത്തിന്റെ സത്യോപദേശം മനുഷ്യമുഖം നോക്കാതെ അനുസരിക്കാൻ ദൈവം എന്നെ ധൈര്യപ്പെടുത്തി. എന്റെ കുടുംബത്തിൽത്തന്നെ ഏറ്റവും ഉറ്റവരെ ഈ സത്യത്തിനു സാക്ഷികളായി കർത്താവെഴുന്നേല്പിച്ചു. കേരളത്തിന്റെ അതിരുകൾ കണ്ടിട്ടില്ലാതിരുന്ന ഞാൻ സുവിശേഷം നിമിത്തം ദൂരയാത്രകൾ ചെയ്തു. വർണ്ണിക്കുവാൻ നാവുപോരാ. നിത്യതയിൽ സമയമുള്ളതുകൊണ്ടു വർണ്ണനകൾ ചുരുക്കുന്നു. എന്റെ ആത്മീയ ഗുരുവായ പൗലോസ് പാടിയതുപോലെ കർത്താവിന്റെ കൃപ ലഭിക്കയാൽ ഞാൻ ഇന്നുവരെ നിൽക്കുകയും ചെറിയവരോടും വലിയവരോടും സാക്ഷ്യം പറഞ്ഞുപോരുകയും ചെയ്യുന്നു. ഗ്രന്ഥത്തിന്റെ നാമം 'അച്ചനോടൊപ്പ്'മെന്നാണ്. എന്നോടൊപ്പം ഈ കൃതിയിലൂടെ യാത്ര ചെയ്തവർക്ക് സ്വർഗ്ഗയാത്രയ്ക്കുള്ള മാർഗ്ഗദർശനം ലഭിച്ചെങ്കിൽ ഞാൻ കൃതാർത്ഥനായി. എനിക്കുറപ്പുണ്ട്, അനേക പരമാർത്ഥഹൃദയർ ഈ പേജുകൾ വായിച്ച് സത്യത്തിലേക്ക് ഓടിവരുമെന്ന്. ഞാൻ എന്റെ വായനക്കാർക്കു വേണ്ടി പ്രാർത്ഥിക്കുന്നു. നിങ്ങളുമെനിക്കായി പ്രാർത്ഥിക്കുക. നാഥന്റെ ഇഷ്ടം ചെയ്തവരെല്ലാം ഒന്നിച്ചു കൂടുന്നയാ ദിനം-ഹാ, എത്ര ഗംഭീരമായിരിക്കും! അതിനുവേണ്ടി കാത്തുകൊണ്ടു നിർത്തട്ടെ. ദൈവത്തിനു മഹത്വം.

(അച്ചനോടൊപ്പം എന്ന ഗ്രന്ഥത്തിൽ നിന്നും എടുത്തതാണ് ഈ ലേഖനം. പുസ്തകം ആവശ്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ 80 രൂപ മണിയോഡർ അയച്ച് ആവശ്യപ്പെടുക)

**Emmanuel Publications,**
No. (48) 12, West Mada St.,
Nungambakkam, Chennai.
Tamil Nadu - 600 034

Phone: (R) 044-28250887, (O) 044-42174490

# ദൈവത്തിന്റെ വിശ്വാസം....? (പേജ് 5)

എന്നതായിരിക്കും ശരിയായ തർജ്ജമ. എന്നാൽ അങ്ങനെയുള്ള വിവർത്തനം തികച്ചും അപഹാസ്യവും സാമാന്യ ബുദ്ധിക്കു നിരക്കാത്തതും ആണെന്ന് റോബർട്ട്സൺ തറപ്പിച്ചു പറയുന്നു. അതു ദൈവത്തിന്റെ വിശ്വാസം എന്നല്ല മറിച്ച് വിശ്വാസത്തിന്റെ ലക്ഷ്യം ഏതോ അത് ദൈവം എന്നതാണു ശരി.

നിങ്ങളുടെ അന്വേഷണം തികച്ചും നിഷ്പക്ഷം ആയിരിക്കണം എന്നു നിർബന്ധമുള്ളതുകൊണ്ട് റോബർട്ട്സൺ എത്ര മാന്യനായ വ്യാകരണ പണ്ഡിതൻ ആയിരുന്നാലും ഇക്കാര്യത്തിൽ മറ്റുള്ളവരുടെ അഭിപ്രായവും തേടുവാൻ നിങ്ങൾ തീരുമാനിക്കുന്നു. അങ്ങനെ എച്ച്. ഇ. ഡാന, ജൂലിയസ് ആർ. മാന്റി, വില്യം ഡഗ്ളസ്, ചാമ്പർലെയിൻ, കർട്ടിസ് വാഗൺ, വിർട്ടസ്. ഈ ഗിദയോൻ, ജയിംസ് ഹോപ് മൌൾട്ടൺ, നൈഗൽ ടർണർ തുടങ്ങി അനേകം ഗ്രീക്കു വ്യാകരണ പണ്ഡിതന്മാരുടെ കൃതികൾ വളരെ ദിവസങ്ങൾ എടുത്ത് പരിശോധിക്കുന്നു. ഗ്രീക്കു വ്യാകരണ പഠനത്തിന് തങ്ങളുടെ ജീവിതം ഉഴിഞ്ഞുവച്ച ഇവരെല്ലാവരും ഒരേ അഭിപ്രായക്കാർ ആയിരുന്നു എന്നതാണ്. അവർ എല്ലാവരും പറയുന്നത് കോപ്ലാന്റിനും കൂട്ടർക്കും തെറ്റു പറ്റി എന്നാണ്. എത്ര ശക്തമായി വാദിച്ചാലും കോപ്ലാന്റിന്റെയും കൂട്ടാളികളുടെയും വക്രതകൾക്ക് മൂലഭാഷയായ ഗ്രീക്കിൽ യാതൊരു അടിസ്ഥാനവും ഇല്ല.

ഭാവനാ സൃഷ്ടമായ ഈ ചിത്രീകരണം വിട്ടുകളയാം. കാരണം വിശ്വാസ പ്രസ്ഥാനക്കാർ നമ്മെ വഴി തെറ്റിക്കുകയാണ് എന്ന് മനസ്സിലാക്കുവാൻ കുറ്റാന്വേഷണ വിദഗ്ധരുടെ ആവശ്യമൊന്നുമില്ല. മർക്കോസ് 11:22 അവർ അവതരിപ്പിക്കുന്ന രീതിയിൽ അണെന്നു സ്ഥാപിക്കുവാൻ ബൈബിൾ വ്യാഖ്യാനത്തെ സംബന്ധിച്ച ഒന്നിൽ അധികം നിയമങ്ങൾ ലംഘിക്കേണ്ടതായി വരും. പ്രസ്തുത വേദഭാഗത്തിന് വിശ്വാസ പ്രസ്ഥാനക്കാർ നൽകുന്ന വ്യാഖ്യാനം ദൈവത്തെ അഖിലാണ്ഡത്തിന്റെ പരമാധികാരി എന്ന പദവിയിൽ നിന്ന് വ്യക്തിത്വം ഇല്ലാത്ത വിശ്വാസ പ്രമാണങ്ങളുടെ ഒരു അടിമയായി തരംതാഴ്ത്തുന്നു.

ദൈവത്തെ ഒരു വിശ്വാസ ജീവിയായി ചിത്രീകരിക്കുന്നതിന് എബ്രായ ലേഖനം 11-ാം അദ്ധ്യായത്തിന്റെ മൂന്നാം വാക്യവും വിശ്വാസ പ്രസ്ഥാനക്കാർ വളച്ചൊടിക്കുന്നു. ദൈവം തന്റെ വിശ്വാസത്താൽ അഖിലാണ്ഡത്തെ നിർമ്മിച്ചു എന്നും തന്മൂലം ദൈവം ഒരു വിശ്വാസ ജീവി ആണെന്നും ഈ വാക്യം നമ്മെ പഠിപ്പിക്കുന്നു എന്നും അവർ ഉദ്ഘോഷിക്കുന്നത് ക്രിസ്തീയ ടെലിവിഷൻ പരിപാടി ശ്രദ്ധിച്ചിട്ടുള്ള നിങ്ങൾ കേട്ടിരിക്കാം.

ഇത്തരത്തിലുള്ള പ്രസ്താവന കേൾക്കുമ്പോൾ നിങ്ങൾ എന്താണു ചെയ്യേത്? കേൾക്കുന്നത് എന്തും വേദപുസ്തക നിർദ്ദേശം അനുസരിച്ച് ശോധന ചെയ്തു വേണം സ്വീകരിക്കുവാൻ (പ്ര 17:11). അങ്ങനെ പരിശോധിക്കുമ്പോൾ ഈ പറഞ്ഞ വേദഭാഗത്തിന് അത്തരത്തിലുള്ള യാതൊരു അർത്ഥവും ഇല്ലന്നു തെളിയുന്നു. ദൈവം തന്റെ വിശ്വാസത്താൽ ലോകത്തെ സൃഷ്ടിച്ചു എന്ന് എബ്രായർ 11:3 പറയുന്നില്ല എന്നു മാത്രമല്ല ദൈവം ലോകത്തെ സൃഷ്ടിച്ചു എന്ന് വിശ്വാസത്താൽ നാം അറിയുന്നു എന്നാണ് വാസ്തവത്തിൽ ആ ഭാഗം പ്രസ്താവിക്കുന്നത് എന്നും കാണാവുന്നതാണ്. എബ്രായർ 11:3 വളച്ചൊടിക്കുന്നതിൽ വിശ്വാസ പ്രസ്ഥാനക്കാർക്ക് യാതൊരു ന്യായീകരണവും ഇല്ല. ഈ വാക്യത്തിന്റെ ഇംഗ്ലീഷ് പരിഭാഷ വളരെ വ്യക്തമാണ്. അതു മനസ്സിലാക്കുവാൻ ഗ്രീക്കു ഭാഷയുടെ സഹായം ആവശ്യമില്ല.

എബ്രായർ 11ന്റെ വാചക ഘടന പരിശോധിച്ചുനോക്കു. അതിൽ ഇപ്രകാരം കാണുന്നു: "വിശ്വാസത്താൽ മോശെ..കഷ്ടം അനുഭവിക്കുന്നതു തിരഞ്ഞെടുത്തു." ആരാണു കഷ്ടം അനുഭവിക്കുന്നതു തിരഞ്ഞെടുത്തത്? (വാക്യം 24) മോശെ. വിശ്വാസത്താൽ യിസഹാക്ക് യാക്കോബിനെ അനുഗ്രഹിച്ചു (വാക്യം 20). യാക്കോബിനെ വിശ്വാസത്താൽ ആര് അനുഗ്രഹിച്ചു? യിസഹാക്ക്. വിശ്വാസത്താൽ അബ്രഹാം....... അനുസരിച്ചു (വാക്യം 8). വിശ്വാസത്താൽ ആര് അനുസരിച്ചു? അബ്രഹാം. വിശ്വാസത്താൽ നോഹ......പെട്ടകം തീർത്തു (വാക്യം 7). ആരാണ് വിശ്വാസത്താൽ പെട്ടകം തീർത്തത്? നോഹ. വിശ്വാസത്താൽ ഹാബേൽ ............. യാഗം കഴിച്ചു. വിശ്വാസത്താൽ ആരാണ് യാഗം കഴിച്ചത്? ഹാബേൽ. നാം വിശ്വാസത്താൽ അറിയുന്നു. വിശ്വാസത്താൽ ആര് അറിയുന്നു. നാം അറിയുന്നു. വിശ്വാസത്താൽ ദൈവം ലോകത്തെ സൃഷ്ടിച്ചു എന്നുള്ള വിശ്വാസ പ്രസ്ഥാനക്കാരുടെ പഠിപ്പിക്കലിനു കടക വിരുദ്ധമായി ദൈവം ലോകത്തെ സൃഷ്ടിച്ചു എന്നു വിശ്വാസത്താൽ നാം അറിയുന്നു എന്നാണ് എബ്രായ ലേഖനം 11-ാം അദ്ധ്യായം വ്യക്തമാക്കുന്നത് എന്ന് തെളിയുന്നു.

മേൽ ചൂിക്കാണിച്ചിരിക്കുന്ന വാചക ഘടന വിശ്വാസ പ്രസ്ഥാനക്കാരുടെ പ്രസ്താവന തെറ്റാണെന്നു വ്യക്തമാക്കുന്നു. ദൈവം ഒരു വിശ്വാസ ജീവിയാണ് എന്ന് ആഴമായി വിശ്വസിക്കുന്നവരാണ് വിശ്വാസ പ്രസ്ഥാന ശിഷ്യന്മാർ. ബെന്നിഹീനിനെയും കെന്നത്ത് കോപ്ലാന്റിനെയും പോലെയുള്ള ഇക്കൂട്ടർക്ക് തങ്ങളുടെ ഡിഗ്രി ലഭിച്ചത് ന്യൂ കോളേജിൽ നിന്നാണ്. ദൈവത്തിന്റേതുപോലെയുള്ള വിശ്വാസം എന്ന മേലെഴുത്തിൽ അദ്ധ്യാപകർക്കായി M.N 204 എന്ന കോഴ്സ് നടത്തുന്നത് ഈ കോളജിൽ ആണ്.

ദൈവം ഒരിക്കലും ഒരു വിശ്വാസജീവി അല്ല എന്ന് ബൈബിൾ അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്നു. വിശ്വാസം പ്രായോഗികമാക്കേണ്ട ഒരു ജീവി ജ്ഞാനത്തിലും ശക്തിയിലും പരിമിതികളുള്ളവൻ ആയിരിക്കും. കാരണം അനിശ്ചിതത്വത്തിന്റേയും അപൂർണ്ണ നിയന്ത്രണത്തിന്റേയും മേഖലയിൽ ആണ് വിശ്വാസം ആവശ്യമായിരിക്കുന്നത്. ദൈവത്തിന് വിശ്വാസം ഉണ്ടായിരിക്കണം എങ്കിൽ തനിക്കു വെളിയിൽ ഉള്ള എന്തോ ഒന്നിലെ ജ്ഞാനത്തിനും ശക്തിക്കുമായി ദൈവത്തിന് ആശ്രയിക്കേിവരും. ഈ ആശയം വേദപുസ്തക വിരുദ്ധമാണ്.

നിത്യത മുതൽ നിത്യത വരെ സകലവും കാണുന്നവനും അറിയുന്നവനും സർവ്വശക്തനും അഖിലാണ്ഡത്തിന്മേൽ സകല അധികാരവും ഉള്ളവനും ആയ ഒരു ദൈവത്തെ ആണ് വിശുദ്ധ വേദപുസ്തകം വെളിപ്പെടുത്തുന്നത്. ആ ദൈവത്തിന് വിശ്വാസത്തിന്റെ ആവശ്യം ഇല്ല.

ദൈവത്തിന്റെ പരമാധികാരത്തെക്കുറിച്ച് സങ്കീർത്തനം 115:3ൽ കാണുന്നതുപോലെയുള്ള പ്രസ്താവനകളെ മറികടക്കാതെ നിങ്ങൾക്കു വേദപുസ്തകം അധികദൂരം വായിച്ചു പോകാനാവില്ല. ദൈവത്തിന് ഏതെങ്കിലും തരത്തിലുള്ള പരിമിതികൾ ഉണ്ട് എന്നുള്ള ഏതു വാദത്തെയും ഈ പ്രസ്താവന ഖണ്ഡിക്കുന്നു. ദൈവത്തിന്റെ അധികാരത്തിനു പരിധി ഉണ്ടോ എന്നു സംശയിക്കുന്നവർ സങ്കീർത്തനം 135:6 ശ്രദ്ധിക്കുക. ആകാശത്തിലും ഭൂമിയിലും സമുദ്രങ്ങളിലും എല്ലാ ആഴങ്ങളിലും യഹോവ തനിക്ക് ഇഷ്ടമുള്ളത് ഒക്കെയും ചെയ്യുന്നു എന്ന് പ്രസ്തുത വചനം പറയുന്നു.

ദൈവത്തിനു പരിമിതി കല്പിക്കുന്ന ഏതൊരു വാക്കും വേദപുസ്തക വിരുദ്ധമെന്നു മാത്രമല്ല അതു ദൈവത്തെ കോപിപ്പിക്കുകയും ചെയ്യും എന്നതാണ് സത്യം. ദൈവത്തിന്റെ സ്വയം പര്യാപ്തതയേയും സർവ്വശക്തിയേയും കുറിച്ചുള്ള അതിശക്തമായ പ്രസ്താവനകൾ 50-ാം സങ്കീർത്തനത്തിൽ അടങ്ങിയിരിക്കുന്നു. ദൈവത്തിന്റെ വല്ലഭത്വത്തെ ചെറുതായി കാണുന്നവരെക്കുറിച്ച് ദൈവം എന്തു നിരൂപിക്കുന്നു എന്ന് ഈ സങ്കീർത്തനത്തിന്റെ 21,22 വാക്യങ്ങളിൽ ദൈവം തന്നെ ഇങ്ങനെ വ്യക്തമാക്കുന്നതായി കാണാം. ''ഇവ നീ ചെയ്തു ഞാൻ മിണ്ടാതിരിക്കയാൽ ഞാൻ നിന്നെപ്പോലെയുള്ളവനെന്ന് നീ നിരൂപിച്ചു. എന്നാൽ ഞാൻ നിന്നെ ശാസിച്ച് നിന്റെ കണ്ണിൻ മുൻപിൽ അവയെ നിരത്തിവെയ്ക്കും. ദൈവത്തെ മറക്കുന്നവരെ ഇത് ഓർത്തുകൊൾവിൻ, അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും, വിടുവിപ്പാൻ ആരും ഉണ്ടാകയുമില്ല'' (സങ്കീ. 50:21,22)

വിശ്വാസ പ്രസ്ഥാനക്കാരുടെ ദൈവത്തെക്കുറിച്ച്, അവരുടെ വിമർശകർ, മെറ്റാഫിസിക്കൽ കൾട്ടുകാരുടെ ആളത്വരഹിത ദൈവം എന്നു പറയാറുണ്ട്. എന്നാൽ വിശ്വാസ പ്രസ്ഥാനക്കാർ തത്വത്തിൽ ആളത്വമുള്ള ഒരു ദൈവത്തെയാണ് അവതരിപ്പിക്കുന്നത്. പക്ഷെ പ്രായോഗിക തലത്തിൽ മെറ്റാഫിസിക്കൽ ദൈവത്തെക്കുറിച്ചാണ് അവർ പഠിപ്പിക്കുന്നത്. ഈ ദൈവം ചില പ്രാപഞ്ചിക നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നവനും ആ നിയമങ്ങൾക്ക് അതീതമായി പ്രവർത്തിക്കുവാൻ അശക്തനും ആണ്. ഉദാഹരണമായി കോപ്ലാന്റ് പറയുന്നതു ശ്രദ്ധിക്കൂ. ''വിശ്വാസം കൂടാതെയോ വിശ്വാസത്തിൽ നിന്നു വേർപെട്ടോ നിങ്ങൾക്കു വേണ്ടി യാതൊന്നും ചെയ്യുവാൻ ദൈവത്തിനു കഴിയുകയില്ല.'' അതിനുള്ള കാരണം, ദൈവത്തിന്റെ ശക്തിയുടെ ഉറവിടം വിശ്വാസം ആയതാണ്.

കോപ്ലാന്റിന്റെ ദൈവശാസ്ത്രം അനുസരിച്ച് ദൈവത്തിന്റെ വിശ്വാസത്തിന്റെ സത്വര ഫലമായാണ് യേശുക്രിസ്തു പോലും ഉല്പാദിപ്പിക്കപ്പെട്ടത്. യേശുക്രിസ്തുവിനെ ഉല്പാദിപ്പിച്ച ശക്തി ദൈവത്തിന്റെ വിശ്വാസ പ്രഖ്യാപനം (Positve confession) ആണ് എന്ന് അസന്നിഗ്ദ്ധമായ ഭാഷയിൽ കോപ്ലാന്റ് പ്രസ്താവിക്കുന്നു. "ദൈവം തന്റെ വചനം ഭൂമിയിലേക്ക് അയക്കുവാൻ ആരംഭിച്ചു. അങ്ങനെ തന്റെ വചനത്തിന്റെ ദൃശ്യ സാക്ഷാത്കാരമായ ഒരു മനുഷ്യനെ - ഒരു രക്ഷകനെ- അദ്ദേഹം രൂപപ്പെടുത്തി". കോപ്ലാന്റ് മാത്രമല്ല ഈ ഭോഷ്കിന്റെ പ്രചാരകൻ എന്നതാണ് ദുഃഖസത്യം. ദൈവത്തിന്റെ വിശ്വാസം പോലെയുള്ള ഒരു വിശ്വാസ പ്രവൃത്തിയാണ് അത്ഭുതകരമായ ഗർഭധാരണത്തിന് അടിസ്ഥാനമായത് എന്ന് ചാൾസ് ക്യാപ്സ് പ്രസ്താവിക്കുന്നു. തന്റെ പ്രസ്താവനയെ പരിശുദ്ധാത്മാവിനോട് ബന്ധിപ്പിച്ചുകൊണ്ട് ക്യാപ്സ് തുടരുന്നു. "ദൈവദൂതൻ വഴി തന്നോട് അറിയിച്ച വചനത്തെ മറിയ സ്വീകരിക്കുകയും തന്റെ ആത്മീയ ഗർഭപാത്രത്തിൽ അതിനെ ഗർഭം ധരിക്കുകയും ചെയ്തു. അതിനെ ആത്മാവിൽ ഗർഭം ധരിച്ചതിനെ തുടർന്ന് (അത് എന്ന് ആവർത്തിച്ചുള്ള പ്രയോഗം ശ്രദ്ധിക്കൂ) അതു സ്വയം മേരിയുടെ ശരീരത്തിൽ രൂപമെടുത്തു." അദ്ദേഹം തുടർന്നു പറയുന്നു; "മേരിയുടെ ഗർഭപാത്രത്തിലെ അണ്ഡം എന്നു പറയുന്നത് മറ്റൊന്നും ആയിരുന്നില്ല. അതു ദൈവത്തിന്റെ നിർമ്മല വചനം ആയിരുന്നു. മാത്രമല്ല അതു ജഡമായി തീരുകയും ചെയ്തു." ദൈവത്തിന്റെ വിശ്വാസം പോലെയുള്ള വിശ്വാസത്തിന്റെ ഫലമായാണ് അത്ഭുതകരമായ ഗർഭധാരണത്തിലൂടെ കന്യകയിൽ നിന്ന് യേശുക്രിസ്തു ജനിച്ചത് എന്ന പ്രസ്താവനയോടെ ആണ് ക്യാപ്സ് തന്റെ ദുരുപദേശ കുറിപ്പ് അവസാനിപ്പിക്കുന്നത്. മറിയ യേശുവിനെ ഗർഭം ധരിച്ച ആ ദൈവീക അത്ഭുതത്തെ അത്ഭുതകരമായ ഒരു വിശ്വാസ പ്രസ്താവനയുടെ പരിണത ഫലമായി ഒറ്റയടിക്ക് ക്യാപ്സ് തരം താഴ്ത്തുന്നു.

സുഹൃത്തുക്കളെ, ഇതു ദുരുപദേശം അല്ല എങ്കിൽ മറ്റൊന്നും തന്നെ ദുരുപദേശമല്ല. എന്നാൽ വിശ്വാസ പ്രസ്ഥാനക്കാർ ഇവിടം കൊണ്ടും നിർത്തുന്നില്ല. ദൈവത്തിന്റെ വിശ്വാസത്താൽ ആണ് യേശു ക്രിസ്തു ജനിച്ചത് എന്നു മാത്രമല്ല നിങ്ങളും ഇതേ വിശ്വാസത്താലാണ് ജനിച്ചത് എന്നും കോപ്ലാന്റ് പഠിപ്പിക്കുന്നു. അദ്ദേഹം ഇപ്രകാരം അതു അവതരിപ്പിക്കുന്നു. "ദൈവം ഒരു വിശ്വാസ ജീവിയാണ്. നിങ്ങൾ ദൈവത്തിൽ നിന്നാണ് ജനിച്ചത്. അതുകൊണ്ട് നിങ്ങളും ഒരു വിശ്വാസ ജീവിയാണ്. ദൈവം വിശ്വാസം കൂടാതെ ഒന്നും ചെയ്യുന്നില്ല. ദൈവത്തിന്റെ വിശ്വാസം നിങ്ങളിൽ വസിക്കുന്നതുകൊണ്ട് നിങ്ങളും അതേ രീതിയിൽ പ്രവർത്തിക്കണം."

എല്ലാ കാര്യങ്ങളും വിശ്വാസത്തിന്റേതാണ്. വിശ്വാസം ശക്തിയാണ്. വാക്കുകൾ ഈ ശക്തിയുടെ വാഹകർ ആണ്. വിശ്വാസ സൂത്രവാക്യങ്ങൾ പ്രാപഞ്ചികമായ ആത്മീയ നിയമങ്ങൾക്ക് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. വിശ്വാസ പ്രസ്ഥാനക്കാരുടെ അനുകമ്പാർഹമായ ദൈവത്തെ നിയന്ത്രിക്കുന്നത് ഈ ആത്മീയ നിയമങ്ങളാണ് താനും.

വിശ്വാസ പ്രസ്ഥാനക്കാരുടെ ദൈവശാസ്ത്രം അനുസരിച്ച് ദൈവമല്ല പരമാധികാരി. അവരുടെ ദൈവശാസ്ത്രത്തിൽ വിശ്വാസത്തിന്റെ ശക്തിയുമായി യോജിച്ച് പ്രവർത്തിക്കുവാൻ പഠിക്കുന്നവരാണ് യഥാർത്ഥ വീരന്മാർ. അവരുടെ പ്രവർത്തനങ്ങൾ എല്ലാം യേശു എന്ന നാമത്തിന്റെ ഉപയോഗത്തിലൂടെ വിശുദ്ധീകരിക്കപ്പെടുന്നു. നിങ്ങളുടെ ഹൃദയത്തിനു സംതൃപ്തി ലഭ്യമാക്കുന്നത് യേശു എന്ന തുറപ്പു ചീട്ട് ആണ്. നിങ്ങളുടെ വിശ്വാസത്തിന്റെ അറിവിന്മേലാണ് നിങ്ങളുടെ നേട്ടത്തിന്റെ പരിധി നിർണ്ണയിക്കപ്പെടുന്നത്. അതെ സംബന്ധിച്ച് ഫ്രെഡറിക് പ്രൈസ് പറയുന്നത് ഇപ്രകാരമാണ്. നിങ്ങൾക്ക് ഒരു ബൈസിക്കിൾ വിശ്വാസമേയുള്ളു എങ്കിൽ ഒരു ബൈസിക്കിൾ ലഭിക്കും. എന്നാൽ ഒരു റോൾസ് റോയ്സ് വിശ്വാസം ആണുള്ളതെങ്കിൽ പ്രൈസിനെ പോലെ ഒരു റോൾസ് റോയ്സ് ഓടിക്കാം.

ഹാഗിനും തന്റെ അനുയായികളും തങ്ങളെത്തന്നെ വിശ്വാസ വീരന്മാർ എന്നാണ് വിശേഷിപ്പിക്കുന്നത്. നാല്പത്തിയഞ്ചു വർഷമായി ഉത്തരം കിട്ടാത്ത ഒരു പ്രാർത്ഥനപോലും താൻ പ്രാർത്ഥിച്ചിട്ടില്ല എന്ന് ഹാഗിൻ വീമ്പിളക്കുന്നു. എല്ലാ പ്രാർത്ഥനയ്ക്കും ഉത്തരം കിട്ടിയത്രെ. അവക്കെല്ലാം ഉത്തരം ഉവ്വ് എന്നും ആയിരുന്നു. അങ്ങനെ എങ്കിൽ പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടാത്ത വ്യക്തികളെ കുറിച്ച് നാം എന്തു പറയണം? തന്റെ വീൽ ചെയറിൽ നിന്ന് തന്നെ എഴുന്നേല്പ്പിക്കണെമെന്ന് വർഷങ്ങൾ പ്രാർത്ഥിച്ചിട്ടും വീൽ ചെയറിൽ തന്നെ കഴിയേണ്ടി വരുന്നവരെക്കുറിച്ച് നാം എന്തു ചിന്തിക്കണം? വളരെ അധികം കഷ്ടങ്ങൾ സഹിക്കേിവന്നെങ്കിലും നീതിമാൻ എന്നു വിളിക്കപ്പെട്ട ഈയ്യോബിനെ എങ്ങനെ വിലയിരുത്തും? വിശ്വാസ പ്രസ്ഥാനക്കാരുടെ വങ്കത്തരത്തിന് ന്യായീകരണം നല്കുവാൻ ഇയ്യോബിനെ കരിതേച്ചു കാണിച്ചേ പറ്റൂ. കാരണം, അവരുടെ വിലയിരുത്തലിൽ ഇയ്യോബ് വിശ്വാസ ത്യാഗിയാണ്.

**ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകം ഇപ്പോൾ മലയാളത്തിൽ ലഭിക്കുന്നു.**

**പുസ്തകം ആവശ്യമുള്ളവർ ബന്ധപ്പെടുക.**

വിലാസം:
K.P.Varghese,
Bethel, Njalbhagam, Kaviyoor P.O.
Thiruvalla, Pattabamthitta - 689582
**Ph: 0469-2618764, Mob: 9446505463**

RNI No. 68089 / 97
2007 March 16

THE DEFENDER

REGISTERED
KL/ALY/0031/2006-08

# പൗലോസിന്റെ ശൂലം: സത്യം എന്ത്?

പൗലോസിന്റെ ശരീരത്തിലുണ്ടായിരുന്ന ശൂലം പൗലോസിനു മാത്രമല്ല കുറെ പ്രോസ്പരിറ്റിക്കാർക്കും ഇപ്പോൾ വേദനയുണ്ടാക്കിക്കൊണ്ടിരിക്കയാണ്. വിശ്വാസികൾക്ക് രോഗം വരില്ല എന്ന് പ്രോസ്പരിറ്റിക്കാർ വാദിക്കുമ്പോൾ പൗലോസിന്റെ ശൂലം ഉയർത്തിക്കാട്ടി പലരും അതിനെ എതിർക്കാറുണ്ട്. പൗലോസിന് ഏതോ മാറാരോഗം ഉണ്ടായിരുന്നു എന്നും വിശ്വാസിക്ക് രോഗം വരില്ല എന്ന വാദം തെറ്റാണെന്ന് പൗലോസിന്റെ അനുഭവം തെളിയിക്കുന്നു എന്നുമാണ് വാദം. എന്നാൽ ഈ വ്യാഖ്യാനം അംഗീകരിക്കാൻ തയ്യാറാകാത്ത പ്രോസ്പരിറ്റിക്കാർ ശൂലത്തിന് വിവിധതരം വ്യാഖ്യാനങ്ങൾ കൊടുക്കുന്നു. ഇത് വിവാദത്തിന് വഴിവെയ്ക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഈ വിഷയത്തേക്കുറിച്ച് നമുക്ക് പഠിക്കാം.

2കൊരി 12:1-10 ആദ്യമായി വായിക്കുക. 7-ാം വാക്യത്തിൽ ശൂലം എന്ന് തർജ്ജമ ചെയ്തിരിക്കുന്ന വാക്ക് ഗ്രീക്കിൽ സ്ക്കോലോപ്സ് എന്നാണ്. മുള്ള്, കുറ്റി, ആപ്പ് എന്നൊക്കെ അർത്ഥം പറയാം. കുത്തിക്കയറുന്ന വസ്തുവാണിത്. ഈ സാധനം ശരീരത്തിൽ കുത്തിക്കയറിയാൽ വേദന ഉണ്ടാകും. അതുകൊണ്ട് ശൂലം എന്നുള്ള തർജ്ജമയും തെറ്റാണെന്ന് പറയാനാവില്ല. എങ്കിലും മുള്ള് എന്നതാണ് ഏറ്റവും യോജിക്കുന്ന പദം.

ഈ മുള്ള് എന്തുതന്നെ ആയാലും അത് വേദനയുളവാക്കുന്നതാണ്. സാത്താനാണ് ഈ വേദന ഉണ്ടാക്കുന്നത്. ഇത് മാറിക്കിട്ടുവാനായി പൗലോസ് പ്രാർത്ഥിച്ചെങ്കിലും ദൈവം അത് മാറ്റിക്കൊടുത്തില്ല. ദൈവത്തിന്റെ കൃപ പൗലോസിന്റെ ബലഹീനതകളിൽ തെളിഞ്ഞുവരും എന്ന് പറയുകമാത്രം ചെയ്തു.

ഇതിൽ നിന്നും നാം മനസ്സിലാക്കുന്നതെന്ത്?

1. ഈ മുള്ള് വേദന ഉളവാക്കുന്നതായിരുന്നു.
2. ഇതിന്റെ പിന്നിൽ സാത്താനായിരുന്നു പ്രവർത്തിച്ചിരുന്നത്.
3. പൗലോസ് അഹങ്കരിക്കാതിരിക്കാനുള്ള ഒരു മുൻകുതലായിരുന്നു ഇത്.
4. ഈ മുള്ള് മാറ്റുക എന്നത് ദൈവീക പദ്ധതിയിൽ ഇല്ലായിരുന്നു.
5. പ്രാർത്ഥന ദൈവം നിരസിക്കുന്ന സന്ദർഭങ്ങളും ഉണ്ടാകും.
6. ദൈവഹിതപ്രകാരം ദൈവമക്കൾക്ക് വേദന ഉണ്ടാകാം.
7. ഈ മുള്ള് പൗലോസിന്റെ ഒരു ബലഹീനത ആയിരുന്നു.
8. ആ ബലഹീനതയെ ദൈവകൃപ ഉപയോഗിച്ച് പൗലോസ് നേരിട്ടു. അതുകൊണ്ട് ഈ മുള്ള് ശുശ്രൂഷയ്ക്ക് പ്രതിബന്ധമായില്ല.

വീണ്ടും പഴയ ചോദ്യത്തിലേക്ക് മടങ്ങിവരുന്നു: എന്താണ് ഈ മുള്ള്? ഈ ചോദ്യത്തിന് നിരവധി മറുപടികൾ ഉണ്ട്.

1. പൗലോസിന് ഏതോ വിധത്തിലുള്ള നേത്രരോഗം ഉണ്ടായിരുന്നു. അതുമൂലം കഠിനമായ വേദന ഉണ്ടായിരുന്നു. കാഴ്ചശക്തിയും കുറവായിരുന്നു. ദമസ്ക്കോസിൽ വെച്ചുണ്ടായ പ്രശ്നത്തിന്റെ നീക്കുബാക്കി ആയിരുന്നു ഇത്.

ഏറ്റവും അധികം ആളുകൾ അംഗീകരിക്കുന്ന നിലപാടാണിത്. ഗലാ.4:13-15, 6:11 തുടങ്ങിയ വാക്യങ്ങൾ ഈ വാദത്തിന് ആധാരമായി ചൂണ്ടിക്കാണിക്കയും ചെയ്യുന്നു. എങ്കിലും അനന്യാസിന്റെ പ്രാർത്ഥനമൂലം പൗലോസിന് പൂർണ്ണ സൗഖ്യം ലഭിച്ചില്ല എന്ന് പറയാൻ തിരുവചനത്തിൽ ആധാരമുണ്ടോ?

2. പൗലോസിന് വിട്ടുമാറാത്ത മലേറിയ ഉണ്ടായിരുന്നു. (തിരുവചനത്തിൽ തെളിവില്ല).
3. പൗലോസ് അപസ്മാര രോഗി ആയിരുന്നു. (തെളിവില്ല. മാത്രമല്ല, അപസ്മാരം ഭൂതബാധയായി കണക്കാക്കിയിരുന്ന ആ കാലത്ത് പൗലോസിന് ഈ രോഗം ഉണ്ടായിരുന്നു എന്നു പറയുന്നത് ശരിയാകാനിടയില്ല).
4. പൗലോസിന് ചെന്നിക്കുത്ത് (കൊടിഞ്ഞി) ഉണ്ടായിരുന്നു. (തിരുവചനത്തിൽ ആധാരമില്ല).
5. പൗലോസിന് അനിയന്ത്രിതമായ കാമാസക്തി ഉണ്ടായിരുന്നു. (ഇ.എം.കോവൂർ എഴുതിയ ''മുള്ള്'' എന്ന നോവലിന് ആ പേര് കിട്ടിയതുതന്നെ ഈ വ്യാഖ്യാനം മൂലമാണ്. പക്ഷേ ഇത്തരത്തിൽ ഒരു പ്രശ്നം പൗലോസിന് ഉണ്ടായിരുന്നതായി തിരുവചനത്തിൽ സൂചനപോലുമില്ല).
6. പൗലോസ് നിരന്തരമായി അഭിമുഖീകരിച്ച പ്രശ്നങ്ങളും പ്രതിബന്ധങ്ങളും ആയിരുന്നു മുള്ള്. (ഈ വാദത്തിന് ചില ആധാരങ്ങളുണ്ട്. യോശു.23:13, സംഖ്യ. 33:55, ന്യായ.2:3, യെഹ.2:6, ലൂക്കോ.6:44, എബ്രാ.6:8-9 തുടങ്ങിയ വാക്യങ്ങളിൽ ദൈവജനത്തിന് എതിരായി നിൽക്കുന്ന ജാതികൾ എന്ന അർത്ഥത്തിലാണ് മുള്ള് എന്ന വാക്ക് ഉപയോഗിക്കുന്നത്. അതുകൊണ്ട് പൗലോസിന് നരന്തരം അനുഭവിക്കേണ്ടിവന്ന പീഡയാകാം ഈ മുള്ള് എന്ന വാദത്തിൽ അല്പം കഴമ്പുണ്ട്).
7. പാപം ചെയ്യാനുള്ള നിരന്തരമായ പ്രേരണ പൗലോസിന് ഉണ്ടായിരുന്നു. (പാപം ചെയ്യാനുള്ള പ്രേരണ എല്ലാ മനുഷ്യർക്കും ഉണ്ട്. പക്ഷേ പൗലോസിനേപ്പോലൊരാൾക്ക് ഈ പ്രശ്നം അത്ര ഗൗരവമായി ഉണ്ടായിരുന്നു എന്നു പറയാൻ ബൈബിളിൽ ആധാരം കാണുന്നില്ല).
8. പൗലോസിന്റെ ഭാര്യയായിരുന്നു ഈ മുള്ള്. (പൗലോസിന് ഭാര്യയുണ്ടായിരുന്നു എന്നതിന് ബൈബിളിൽ ആധാരമില്ല. ഉണ്ടായിരുന്നെങ്കിൽ പൗലോസിനേപ്പോലൊരാൾ ഭാര്യയെ മുള്ള് എന്ന് വിളിക്കാനും സാദ്ധ്യതയില്ല)
9. പൗലോസ് വിക്കനായിരുന്നു. (സാദ്ധ്യതയുണ്ട്. പൗലോസ് വാക് ചാതുര്യം ഉള്ളവനായിരുന്നില്ല എന്നതിന് ബൈബിളിൽ പരോക്ഷമായ തെളിവുണ്ട്).

ഈ വാദങ്ങളിൽ ഏതാണ് ശരി എന്ന് ഡിഫെൻഡർ പറയുന്നില്ല. ഏത് ശരിയായാലും എല്ലാം തെറ്റായാലും ഇത് നമ്മുടെ രക്ഷയെ ബാധിക്കുന്നത്ര ഗൗരവമുള്ള പ്രശ്നവുമല്ല. എങ്കിലും നമുക്ക് മനസ്സിലാകാത്ത ഭാഗത്തേക്കുറിച്ച് പഠിക്കുന്നത് തെറ്റല്ലല്ലോ.


# നിങ്ങളുടെ വീട്ടിലും വേണ്ടേ ഒരു ബൈബിൾ സ്ക്കൂൾ?

## വിഷയവിവരം:

| C.D. 1 - അടിസ്ഥാന വേദോപദേശങ്ങൾ | C.D. 2 - കൾട്ടുകൾ | C.D. 3 - ആത്മലോകം | C.D. 4 - ദുരുപദേശങ്ങൾ | C.D. 5 - ലോക മതങ്ങൾ |
|---|---|---|---|---|
| 1. രക്ഷ | 1. കൾട്ടിന്റെ ലക്ഷണങ്ങൾ | 1. അദൃശ്യലോകം | 1. ഉപദേശവും ദുരുപദേശവും | 1. മതങ്ങളുടെ ഉത്ഭവം |
| 2. വിശ്വാസസ്നാനം | 2. യഹോവാസാക്ഷികൾ | 2. കൃപാവരങ്ങൾ 1 | 2. വിശ്വാസത്തിന്റെ ആധാരം | 2. ഹിന്ദുമതം 1 |
| 3. പരിശുദ്ധാത്മസ്നാനം | 3. ശാബതുകാർ | 3. കൃപാവരങ്ങൾ 2 | 3. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും | 3. ഹിന്ദുമതം 2 |
| 4. ആത്മീയ കൂട്ടായ്മ | 4. പത്തു കല്പനകൾ | 4. ആത്മവിവശത | 4. പൗരോഹിത്യം | 4. പ്രജാപതിപ്രശ്നം |
| 5. തിരുവത്താഴം | 5. ബ്രൻഹാമിസം | 5. ദൈവദൂതൻമാർ | 5. കൂദാശകൾ | 5. ഇസ്ലാംമതം |
| 6. ദൈവവചനം | 6. റ്റി.പി.എം. | 6. സാത്താന്യ തന്ത്രങ്ങൾ | 6. കന്യാമറിയം | 6. ബുദ്ധമതം |
| 7. പ്രാർത്ഥന | 7. ക്രിസ്റ്റാഡെൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് | 7. ഭൂതബാധ 1 | 7. വിശുദ്ധൻമാർ | 7. ജൈനമതം |
| 8. വേർപാട് | 8. മൊർമോൺ, ഫാമിലി, യൂണിഫിക്കേഷൻ ചർച്ച് | 8. ഭൂതബാധ 2 | 8. സെന്റ് തോമസ് | 8. സിക്ക് മതം |
| 9. അനുഭവസാക്ഷ്യം | 9. ആത്മാവ്, നരകം | 9. ഒക്കൾട്ട് | 9. പെരുന്നാളുകൾ | 9. സൊറവാസ്ട്രിയൻ മതം |
| 10. വിശ്വാസജീവിതം | 10. ത്രിത്വം | 10. വഞ്ചിക്കുന്ന പിശാച് | 10. വേർപെട്ട സഭകൾ | 10. സുവിശേഷീകരണം |

| C.D. 6 - വ്യാഖ്യാനശാസ്ത്രം | C.D. 7 - ഭാവികാലശാസ്ത്രം | C.D. 8 - ബൈബിളിൽ തെറ്റുണ്ടോ? | C.D. 9 - ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ | C.D. 10 - ധാർമ്മിക പ്രശ്നങ്ങൾ |
|---|---|---|---|---|
| 1. പഴയനിയമം 1 | 1. ഭാവികാലവും ബൈബിളും | 1. ഉല്പത്തി | 1. വെളിപ്പാടും അന്യമതങ്ങളും | 1. ആത്മാവിന്റെ പ്രമാണം |
| 2. പഴയനിയമം 2 | 2. മരണാനന്തര ജീവിതം | 2. കയീൻ മുതൽ ബാബേൽ വരെ | 2. മുൻനിർണ്ണയം | 2. വൈവാഹിക പ്രശ്നങ്ങൾ 1 |
| 3. പഴയനിയമം 3 | 3. യേശുവിന്റെ മടങ്ങിവരവ് | 3. അബ്രഹാമിന്റെ കാലം | 3. യേശുവും രക്ഷയും | 3. വൈവാഹിക പ്രശ്നങ്ങൾ 2 |
| 4. പഴയനിയമം 4 | 4. 70 ആഴ്ചവട്ടം | 4. രാജാക്കൻമാർ | 4. പ്രാർത്ഥനയും ആരാധനയും | 4. വൈവാഹിക പ്രശ്നങ്ങൾ 3 |
| 5. പുതിയനിയമം 1 | 5. ഏഴു സഭകൾ | 5. കാവ്യപുസ്തകങ്ങൾ | 5. സഭയിലെ ശുശ്രൂഷകർ | 5. കുടുംബജീവിതം |
| 6. പുതിയനിയമം 2 | 6. ഏഴു മുദ്രകൾ | 6. സുവിശേഷങ്ങൾ | 6. യഥാർത്ഥ ഉണർവ്വ് | 6. ട്രസ്റ്റുകളും സൊസൈറ്റികളും |
| 7. പുതിയനിയമം 3 | 7. മഹാപീഡനകാലം | 7. ശാസ്ത്രവും വെളിപ്പാടും | 7. പ്രായോഗിക പ്രശ്നങ്ങൾ | 7. മദ്യവും മയക്കുമരുന്നും |
| 8. പുതിയനിയമം 4 | 8. വെളിപ്പാട് 12, 13 | 8. പുതിയനിയമകാലം | 8. സുവിശേഷഘോഷണം | 8. രാഷ്ട്രീയവും മാദ്ധ്യമങ്ങളും |
| 9. പുതിയനിയമം 5 | 9. ബാബിലോൺ | 9. ബൈബിൾ അപൂർണ്ണമോ? | 9. വിവിധതരം ദൈവശാസ്ത്രങ്ങൾ | 9. ആഭരണപ്രശ്നം |
| 10. പുതിയനിയമം 6 | 10. ന്യായവിധികൾ | 10. ബൈബിളും ശാസ്ത്രവും | 10. സഭയും പ്രശ്നങ്ങളും | 10. സഭയും പീഡയും |

MP3 ഫോർമാറ്റിലുള്ള ഓഡിയോ സി.ഡികൾ. ആകെ 10 സി.ഡികൾ.
ഓരോ സി.ഡിയിലും 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. ആകെ ദൈർഘ്യം: 100 മണിക്കൂർ.
വില: (ഇന്ത്യയിൽ) ഒരു സി.ഡി. - 100 രൂപ. 10 സി.ഡികൾ: 900 രൂപ.
വിദേശത്ത്: 10 സി.ഡികൾ - US$ 50 or Rs. 2000/- പോസ്റ്റേജ് സൗജന്യം.
(ഗൾഫിലേക്ക് സി.ഡി അയയ്ക്കുന്നത് സുരക്ഷിതമല്ല. അതുകൊണ്ട് ഗൾഫിലുള്ളവർ 900 രൂപയും ഇന്ത്യയിലെ അഡ്രസ്സും അയക്കുക).
DVD ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം എടുത്ത് പറയേണ്ടതാണ്.
വില T.S.Balan എന്ന പേരിൽ ഡി.ഡി./ചെക്ക്/മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

ഇപ്പോൾ DVD MP3 AUDIO ലഭിക്കുന്നു

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**


Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan